# ഗവ.ഹൈസ്കൂൾ തച്ചങ്ങാട്

## ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബ്




**ഡിജിറ്റൽ മാഗസിൻ**

**2019 ജനുവരി**

## എഡിറ്റോറിയൽ ബോർഡ്

- ചീഫ് എഡിറ്റർ : ഭാരതി ഷേണായ്
- സ്റ്റാഫ് എഡിറ്റർ : അഭിലാഷ് രാമൻ
- സ്റ്റുഡന്റ് എഡിറ്റർ : ആദിത്യൻ.എ
- ആർട്ട് എഡിറ്റർ : അഭിരാം വിജയൻ

## എഡിറ്റോറിയൽ ബോർഡ്

- വിജയകുമാർ .എ
- ഡോ.സുനിൽ കുമാർ.കെ
- സജിത. പി
- നന്ദന.കെ
- ശ്രേയ.എം
- പൂജ .കെ
- ആദർശ്.പി
- ഹൃദ്യ.എം
- വന്ദന.പി
- നന്ദന പി

# എഡിറ്റോറിയൽ

പ്രളയം കവർന്ന കേരളത്തിന്റെ പുനർനിർമ്മാണം നടന്നു വരികയാണല്ലോ.എല്ലാം നഷ്ടപ്പെട്ട ജനത അതിജീവനം സാധ്യമാക്കിയത് കേരളത്തിന്റെ ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിലൂടെയാണ്. ഗവൺമെന്റും സന്നദ്ധ സംഘടനകളും മത്സ്യത്തൊഴിലാളികളുമെല്ലാം ഒത്തുചേർന്ന് വീണ്ടെടുത്ത ജീവിതം നമുക്കൊരു പ്രതീക്ഷയായി തീർന്നിട്ടുണ്ട്.ഏതു ദുരന്തത്തെയും നേരിടാനുള്ള സംഘശക്തി നമുക്കുണ്ടെന്ന്. ആസംഘ ശക്തിയെ നമ്മുടെ സാമൂഹ്യ വളർച്ചയ്ക്കുകൂടി ഉപയോഗിക്കുകയാണെങ്കിൽ പുതിയ കേരളത്തെ വാർത്തെടുക്കാൻ നമുക്കു കഴിയും.

കൂട്ടായ്മയുടെ വിജയം നമ്മുടെ പൊതുവിദ്യാലയങ്ങൾ കൊയ്തു തുടങ്ങിയിരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആ നേട്ടങ്ങളെയെല്ലാം ഉണ്ടാക്കിയ ആണിക്കല്ലാണ്.അതിനു ശക്തി പകരുന്ന പ്രവർത്തനമാണ് ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സിലൂടെ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.സാങ്കേതികതയും സർഗ്ഗാത്മകതയും ഇഴചേർന്നുള്ള പ്രവർത്തനം പുതുലോകത്തെ വായിക്കാനും അതിനനുസരിച്ചുള്ള അറിവുകൾ നേടിയെടുക്കാനും ഇതുവഴി സാധിക്കുന്നു.അതിനുള്ള എളിയ ശ്രമമാണ് നമ്മുടെ "ഈ പട്ടം പറത്തുമ്പോൾ" എന്ന ഡിജിറ്റൽ മാഗസിൻ.

പട്ടം പ്രതീക്ഷയുടെയും സ്വപ്നങ്ങളുടെയും അതിലുപരി സർഗ്ഗാത്മകതയുടെയും അടയാളമാണ്.ചിലപ്പോൾ അത് വിജയത്തിന്റെയും വെട്ടിപ്പിടിക്കലിന്റേതുമാകാം. ഇവിടെ നമ്മൾ പറത്തിവിട്ട പട്ടം സർഗ്ഗാത്മക പൂക്കുന്ന പുതു കലാലയം നിർമ്മിക്കേണ്ട സന്ദേശത്തെയാണ് ഓർമ്മിപ്പിക്കുന്നത്.

വിദ്യാർത്ഥികളോടൊപ്പം അദ്ധ്യാപകരും ജീവനക്കാരും ചേർന്നെഴുതിയ സംഘഗാനമാണീ മാഗസിൻ.പുതിയ കാലത്തെ സാങ്കേതികതയെ പിൻപറ്റിക്കൊണ്ട് രൂപപ്പെടുത്തിയ ഈ മാഗസിൻ മണ്ണിനും വെള്ളത്തിനും കലർപ്പില്ലാത്ത ജീവിതത്തിനും വേണ്ടിതന്നെയാണ് പാടുന്നത്.

ഇവിടുത്തെ കാറ്റിനും നടവഴികൾക്കും ഏറ്റു പാടാനുള്ള പാട്ടാണ് ഈ പട്ടം പറത്തുന്നവരിലൂടെ നമ്മൾ ഒഴുക്കി വിടുന്നത്..

നീ പറഞ്ഞു,
സൂര്യൻ ഉദിക്കുകതന്നെ ചെയ്യുമെന്ന്
നീ സ്നേഹിക്കുന്ന
ഹരിതവർണ്ണമാർന്ന-
മുതലയെ വിമോചിപ്പിക്കാൻ
ഭൂപടങ്ങളിൽ കാണാത്ത പാതകളിലൂടെ നമുക്കു പോവുക.
ഉദയതാരകങ്ങൾ ജ്വലിച്ചുനിൽക്കുന്ന
നമ്മുടെ ഇരുണ്ട ശിരസ്സുകളാൽ
അവമതികളെ തുടച്ചു തുത്തുകളഞ്ഞ്-
നമുക്കു പോവുക.
ഒന്നുകിൽ നാം വിജയം നേടും,
അല്ലെങ്കിൽ
മരണത്തിനുമപ്പുറത്തേക്ക്
നാംനിറയൊഴിക്കും...

ഫിദൽ കാസ്ട്രോയ്ക്ക് വേണ്ടി ചെഗുവേര എഴുതിയ കവിത ഏറ്റവും പ്രസക്തിയേറുന്ന ഈ ആസുര കാലത്ത്, വർഗ്ഗീയ വിഷം പേറുന്ന നവോത്ഥാന മൂല്യത്തെ തച്ചുടക്കുന്ന, സർഗ്ഗാത്മത ജീവിതത്തെ എരിച്ചു കളയുന്ന, പുസ്തകത്തെയും ഭരണഘടനയെയും കൊഞ്ഞനം കുത്തുന്ന പിന്തിരിഞ്ഞുപോയ ജീവിതത്തിനൊരു തിരുത്താകുമെന്നു കരുതുന്നു.

സ്നേഹത്തോടെ.
സ്റ്റുഡന്റ് എഡിറ്റർ

## താളുകളിൽ ക്ലിക്ക് ചെയ്യുമ്പോൾ


**കവിതകൾ** Page

- മലയാള ഭാഷ : മന്യ മണികണ്ഠൻ 5
- തേനെടുത്താം കിളി : തൃഷ.ബി 14
- Iron Age India : Vidhula.V 15
- തൊട്ടാവാടി : മന്യ മണികണ്ഠൻ 21
- സായാഹ്നമേഘം : അക്ഷയ. എ 22
- ഓണം : അക്ഷയ. എ 24
- നഷ്ടത്തിന്റെ തീരത്ത് : ശ്രേയ.എം 27
- Keys to Speaks : Sreya.M 28
- ഒരു പെൺകവിത : സുധ പയ്യന്നൂർ 29
- പേന : വിദ്യ 30
- മഴ നനയുമ്പോൾ : ഷിംന.സി.കെ 31
- ഉറങ്ങുന്നതെങ്ങനെ : അപർണ്ണ.കെ 42
- ആദ്യാക്ഷരം : മന്യ മണികണ്ഠൻ 50
- തോരാതെ : സ്വാതി കൃഷ്ണ 51
- അമ്മ : മന്യ മണികണ്ഠൻ 59

**കഥകൾ**

- ജീവിത യാത്രയിൽ ഒറ്റപ്പെട്ട പെൺകുട്ടി : നേഹ.എ 6
- അപ്പു : അമൃത 33
- സംസാരിക്കുന്ന വൃക്ഷം : വഹീദ 35
- LoneLiness : Arya Radhakrishnan 39
- ജ്വലിക്കുന്ന താരകം : സ്വാതി കൃഷ്ണ 45
- പ്രളയത്തെ തോൽപ്പിച്ച പെൺകുട്ടി : ദിൽന സുരേഷ് 54
- അതിജീവനം, അന്തിമ വിധി : സീന തച്ചങ്ങാട് 95

**ലേഖനം**

ബഹുസ്വരമായ ഇന്ത്യൻ ദേശീയതയും മാനവികതയും : അഭിലാഷ് രാമൻ 9

**നാടോടി വിജ്ഞാനീയം**

തച്ചങ്ങാട്:മിത്ത്,ചരിത്രം : വർഷ.പി 17

**ഫോട്ടോ ഫീച്ചർ**

ചുറ്റുവട്ടം : നന്ദുകൃഷ്ണൻ 26

**കാർട്ടൂൺ**

സ്റ്റഡി ടൂർ : അഭിരാം വിജയൻ 38

**നാടകം**

മഷി : ശ്രീജിത്ത് കക്കോട്ടമ്മ 61

## കവിത

# മലയാള ഭാഷ



**മന്യ മണികണ്ഠൻ, എട്ടാംതരം ഡി**

എൻ  നാവിലാദ്യമായ് ഉരുവിട്ട ഭാഷ
മലയാളഭാഷ
എൻ നാവിലാദ്യമായ് മന്ത്രിച്ച ഭാഷ
മലയാളഭാഷ
മാതൃഭാഷ,
മലയാളഭാഷ.

പുണ്യഭാഷ, മലയാളഭാഷ.
ദൈവത്തിൻ സ്വന്തം കേരളത്തിൻ
മലയാളഭാഷയല്ലേ
നാം പിറന്ന മണ്ണ് എന്നും മലയാളം
തുളുമ്പുന്ന മണ്ണ്
നാം വളർന്ന നാട് എന്നും
മലയാളമാതാവിൻ നാട്
ഉദിക്കും സൂര്യനും കേൾക്കുന്ന
ഭാഷ മലയാളഭാഷ.
മലയാളഭാഷ.

കഥ

# ജീവിതയാത്രയിൽ ഒറ്റപ്പെട്ട പെൺകുട്ടി



**നേഹ .എ. ഏഴാം തരം എ**

അച്ഛനുമമ്മയും ഒരു കൊച്ചു പെൺകുട്ടിയും ഉണ്ടായിരുന്നു. അവർ ഒരുപാട് ആഗ്രഹിച്ചു കിട്ടിയ ഒരു കുട്ടിയായിരുന്നു അവൾ. അവളുടെ പേര് ജൂലി എന്നായിരുന്നു. അവൾ പഠിക്കാൻ മിടുക്കിയായിരുന്നു. .എല്ലാത്തിനും മുന്നിലായിരുന്നു . അങ്ങനെ ഒരുനാൾ അവളുടെ അമ്മയ്ക്ക് അസുഖം പിടിപെട്ടു. എന്നിട്ട് അച്ഛൻ അമ്മയെ ആശുപത്രിയിലെത്തിച്ചു. പക്ഷേ അവർ എത്തിക്കാൻ വൈകിയതുകൊണ്ട് അസുഖം കൂടുതലായി. അത് ഇപ്പോൾ ഒന്നും ചെയ്യാൻ പറ്റില്ലെന്ന് ഡോക്ടർ പറഞ്ഞു .

അമ്മ പൊട്ടിക്കരഞ്ഞുപോയി . അമ്മയുടെ ആദി മകളെ കുറിച്ചായിരുന്നു . കിട്ടിയ മകളെ വിട്ടു പെട്ടന്ന് പോകുന്നതായിരുന്നു അമ്മയുടെ സങ്കടം . അമ്മയ്ക്ക് ഉറപ്പായിരുന്നു ഞാനെങ്ങാനും മരിച്ചുപോയാൽ എൻ്റെ ഭർത്താവ് വീണ്ടും വിവാഹം ചെയ്യുമെന്ന് . അങ്ങനെ അവർ വീട്ടിൽ തിരിച്ചെത്തി . കുറച്ചുനേരം കഴിഞ്ഞ് ജൂലി സ്കൂളിൽനിന്ന് മടങ്ങിയെത്തി . പിന്നീട് അവളുടെ അച്ഛൻ ഒരു കുടിയനും അലസനുമായി മാറി . രാത്രിയിൽ വീട്ടിൽ കലഹം ഉണ്ടാക്കുവാനും തുടങ്ങി . പക്ഷേ അപ്പോഴും അവൾക്കറിയില്ലായിരുന്നു ഇത്രയും വലിയ അസുഖമുള്ള കാര്യം . കുടുംബക്കാർ മൊത്തം അറിഞ്ഞു .

പക്ഷേ അവൾ മാത്രം അറിഞ്ഞില്ല . അങ്ങനെ ഒരു അവധി ദിവസം കൂട്ടുകാരും ഒപ്പം കളിക്കാൻ ചെന്നു . ഉച്ചയ്ക്ക് വീട്ടിൽ ചെന്നപ്പോൾ വാതിലൊക്കെ തുറന്നുകിടക്കുന്നു . അവൾ മുഴുവനും നോക്കി അവളുടെ അമ്മയെ കണ്ടില്ല . ഒടുവിൽ അവൾ മുറിയിൽ ചെന്ന് നോക്കി . അമ്മ കിടക്കയിൽ കിടന്നിട്ടു ഉണ്ടായിരുന്നു . അവൾ അമ്മയെ വിളിച്ചു . അമ്മ എഴുന്നേറ്റതേയില്ല . അവൾ വീണ്ടും വീണ്ടും വിളിച്ചു . എന്നിട്ട് അവൾ അയൽക്കാരിയും കൂട്ടി ആശുപത്രിയിലെത്തിച്ചു . പക്ഷേ അപ്പോഴേക്കും അവളുടെ അമ്മ മരിച്ചിരുന്നു . എന്നിട്ട് വീട്ടിൽ കൊണ്ടുവന്നു . അവൾ പൊട്ടിക്കരഞ്ഞുപോയി . അവൾക്ക് അത് താങ്ങാൻ പറ്റില്ല . അങ്ങനെ അന്നു തന്നെ അവളെ അവളുടെ അച്ഛൻ അമ്മയുടെ അനിയത്തിയുടെ കൂടെ പറഞ്ഞുവിട്ടു .

അവൾക്ക് അച്ഛനെ വിട്ടുപോകാൻ വളരെയധികം സങ്കടം തോന്നി . പക്ഷേ അവളുടെ അച്ഛന്റെ മുഖത്ത് അവൾ സങ്കടം കണ്ടതേയില്ല . അങ്ങനെ അവളുടെ ഇളയമ്മ അവളെ അവരുടെ വീട്ടിലേക്ക് സ്വാഗതം ചെയ്തു. അവിടെ അവൾക്ക് ഒരു അനുജനും അനുജത്തിയും ഉണ്ടായിരുന്നു . അവൾക്ക് അവരെ ഒരുപാടിഷ്ടമായിരുന്നു . പക്ഷേ അവർക്ക് അവളോട് വെറുപ്പായിരുന്നു . അവളുടെ ഇളയമ്മ ഒരാഴ്ച ആശുപത്രിയിൽ നിൽക്കാൻ തീരുമാനിച്ചു . കാരണം അവർ ഒരു നേഴ്സ് ആയിരുന്നു . അവർ മൂന്നുപേർ മാത്രമായിരുന്നു ആ വീട്ടിൽ . അവർക്ക് ഭക്ഷണം ഉണ്ടാക്കാൻ ഒരാളെ ഏർപാടാക്കിട്ടുണ്ടായിരുന്നു . അവർ രണ്ടുപേരും അവരെ പിരിച്ചുവിട്ടു . എന്നിട്ട് ജൂലൈയോടെ ജോലി ചെയ്യാൻ പറഞ്ഞു . അവൾ അത് ഇഷ്ടത്തോടെ ചെയ്തു . അവളെ അവർ ഒരുപാട് ദ്രോഹിച്ചു അടുക്കളയിൽ കിടത്തി .

അപ്പോൾ അവൾ ആഗ്രഹിച്ചു . എൻറെ അമ്മയുണ്ടായിരുന്നെങ്കിൽ. അപ്പോഴാണ് അവൾ ആ വാർത്ത അറിഞ്ഞത് അവളുടെ അച്ഛൻറെ രണ്ടാംഭാര്യ അച്ഛനെ ഉപേക്ഷിച്ചുവെന്ന്. വേണ്ടാ അവൾക്ക് അത് സഹിച്ചില്ല. അങ്ങനെ അവൾ ഒരു കത്ത് എഴുതി വെച്ച് യാത്രയായി എവിടെക്കെന്നറിയാതെ. ജീവിതയാത്രയിൽ ഒറ്റയ്ക്ക്. അങ്ങനെ അവൾ ബസ് കയറി ഒരിടത്ത് ഇറങ്ങി. പെട്ടെന്ന് അവൾ തലകറങ്ങിവീണു. ഒരാൾ അവളെ ആശുപത്രിയിൽ എത്തിച്ചു. അവളുടെ കൂടെ അയാളും യാത്രയായി . പെട്ടെന്നവൾ അവളുടെ അച്ഛൻറെ മുന്നിൽ പെട്ടു. എന്നിട്ടവൾ അച്ഛാ, എന്നെ വിളിച്ചു. പക്ഷേ അയാൾക്ക് അവളെ ഓർമയുണ്ടായിരുന്നില്ല. പിന്നീടയാൾക്ക് ഓർമ്മ വന്നു. അയാളുടെ സ്നേഹനിധിയായ മകൾ. അവളുടെ കൂടെയുണ്ടായിരുന്ന അവളുടെ അച്ഛനെ വിളിച്ച് അടുത്ത് നിർത്തി പറഞ്ഞു അവൾക്കൊരു രോഗം പിടിപെട്ടിരിക്കുകയാണെന്ന്. എന്നിട്ട് അവളും അച്ഛനും നടത്താൻ തുടങ്ങി .

അയാൾ മകളോടു ചോദിച്ചു . നിൻറെ അമ്മയുടെ അസുഖം എന്തെന്ന് നിനക്കറിയാമോ എന്ന്. അയാൾ പറഞ്ഞു അത് ഏതോകണ്ടുപിടിക്കാത്ത ഒരു രോഗമാണെന്ന്. അത് നിനക്കും പിടിവെട്ടിട്ടർുണ്ട്. അവൾ വീണ്ടും തലകറങ്ങിവീണു. ആശുപത്രിയിൽ എത്തിച്ചിട്ടും കാര്യമുണ്ടായില്ല . അവൾ അവളുടെ അമ്മയുടെ അടുത്തേക്ക് പോയിരുന്നു. ആ അച്ഛൻ അവളെ കുറിച്ചാലോചിച്ച് പശ്ചാതപിച്ചു. അയാൾക്ക് എന്തുചെയ്യണമെന്നറിയാതെ
പോലെ തെരുവിൽ. ആരോരുമില്ലാതെ.

**ലേഖനം**

# ബഹുസ്വരമായ ഇന്ത്യൻ ദേശീയതയും മാനവികതയും



**അഭിലാഷ് രാമൻ**

മലയാളം അധ്യാപകൻ

ലോകജനസംഖ്യയിൽ രണ്ടാം സ്ഥാനവും 130 കോടിയോളം ജനങ്ങളും 140 ൽപരം സംസ്കാരവും അനവധി ഭാഷകളുമുള്ള ഭാരതം ലോകത്തിന്റെ ഏറ്റവും വലിയ ബഹുസ്വരത പേറുന്ന രാഷ്ട്രങ്ങൾക്ക്ഏറ്റവും നല്ല ഉദാഹരണമാണ്. അതിനെ പിൻപറ്റിക്കൊണ്ടാണ് ഇന്ത്യൻ ദേശീയതയും മാനവികതയും വളരുകയും വികസിക്കുകയും വ്യാപരിക്കുകം ചെയ്തത്. ഈ ബഹുസ്വര രാഷ്ട്ര സങ്കൽപ്പങ്ങളും ദേശീയതയും അതിലൂടെ രൂപം കൊണ്ട മാനവികതയുടെയും മാനങ്ങളെ ഈ അടുത്ത കാലം വരെ അളവുകോൽകൊണ്ട് രേഖപ്പെടുത്താനായിട്ടില്ല. കാരണം ഇന്ത്യകേവലം ഭൂമിശാസ്ത്രപരമായ സത്ത മാത്രമല്ലെന്നും അത്ആശയങ്ങളുടെയും തത്വ ചിന്തയുടെയും ധൈഷണികതയുടെയും വ്യാവസായിക-സാങ്കേതിക പ്രതിഭയുടെയും അതിലുപരി അനുഭവ സമ്പത്തിന്റെയും ചരിത്രവും സംസ്കാരവും വർത്തമാനവും പേറുന്നുണ്ട് എന്നുള്ളതാണ്. പല കാലങ്ങളായി ഈ ബഹുസ്വരതയും ദേശീയസങ്കല്പങ്ങളും

മാനവികതയിലൂന്നിയ ജീവിതവുമെല്ലാം പലരീതിയിലുള്ള വെല്ലുവിളികൾ നേരിട്ടപ്പോഴും ഇവിടെ ഉയിർക്കൊണ്ട ഭരണഘടന അതിന് താങ്ങും തണലുമാവുകയുമാണുണ്ടായത്.

**ബഹുസ്വരതയിലൂന്നിയ രാഷ്ട്രസങ്കല്പം**

സഹിഷ്ണുതാപരവും അതിലുപരി സംവാദാത്മകവുമാണ് ഇന്ത്യൻ ബഹുസ്വരത. ഭക്ഷണം, വസ്ത്രം, ആരാധന, വിശ്വാസം,ഭാഷ.മതം, രാഷ്ട്രീയം തുടങ്ങിയവയിലൂടെ ഇന്ത്യൻ പൗരൻ ജീവിക്കുന്നത് ഇത്തരം വ്യത്യസ്തവും വേറിട്ടതുമായ തെരെഞ്ഞെടുപ്പും ഇടപെടലുകളിലൂടെയുമാണ്. അവിടെ സ്വീകരിക്കലിനും തിരസ്കാരത്തിനും സാധ്യതകളുണ്ട്. അത് തികച്ചും സൗഹാർദ്ദവും സർഗ്ഗാത്മകവുമാണ് എന്നുള്ളതാണ്. മുസ്ലീം ജീവിതങ്ങളെ വിമർശിക്കാനും അവരുടെ ജീവിത വൈവിധ്യത്തെ പകർത്താനും തിരസ്ക്കരിക്കാനുമുള്ള സ്വാതന്ത്ര്യം ഒരു പക്ഷെ ഇന്ത്യ എന്ന ദേശത്തുമാത്രമായിരിക്കാം.ഇതാണ് ഇന്ത്യൻ ബഹുസ്വരതയുടെ സർഗ്ഗാത്മകമായ ഇടപെടലുകൾ.ഇത് ഹിന്ദു, ക്രിസ്ത്യൻ, സിഖ്, ബുദ്ധ.ജൈന മതങ്ങളിലെല്ലാം തന്നെ അനുവദിനീയമാണ്- ഈ അടുത്ത കാലം വരേക്കും. അസഹിഷ്ണുതാപരമായ സമീപനങ്ങൾക്ക് ഇടം നൽകാതെയാണ് ഇവിടുത്തെ ബഹുസ്വരത വളർന്നു വന്നത്.എന്നാൽ ആശയപരവും പ്രായോഗികപരമുമായ ഈ രാഷ്ട്രസങ്കല്പം എത്രകാലം നിലനിൽക്കുമെന്ന ആശങ്ക വർത്തമാന കാലത്തുള്ള സംഭവവികാസങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

**ഇന്ത്യൻ ദേശീയതയും മാനവികതയും.**

ഇന്ത്യ ഒരു ഏകദേശീയ രാഷ്ട്രമല്ലായിരുന്നു. അത് ബഹുഭാഷാ രാഷ്ട്രം

പോലെ ബഹുദേശീയതയും പേറിയുള്ളതായിരുന്നു. എന്നാൽ ഇവിടെ ഉദയം കൊണ്ട സാമ്രാജ്യത്വ വിരുദ്ധ ആശയങ്ങളും പ്രക്ഷോഭങ്ങളും അതിന്റെ തുടർച്ചയായി രൂപം കൊണ്ട പ്രസ്ഥാനങ്ങളും ഇന്ത്യ ഒരു ഏകദേശ സങ്കല്പത്തിലേക്കും മാനവികതയിലേക്കും പറിച്ചു നടപ്പെട്ടു. ബഹുരാഷ്ട്രം എന്ന സങ്കല്പം നിലനിർത്തിക്കൊണ്ട് ബഹുദേശീയതയെ അത് റദ്ദുചെയ്യുകയും ചെയ്തു. ഈ ദേശീയത ജാതി,മതം, വർഗ്ഗം, വർണ്ണം, ഭാഷ എന്നിവയ്ക്കതീതമായി വളർന്നുവന്നു. എന്നാൽ ഇന്ന് ജാതി,മതം,വർഗ്ഗം, വർണ്ണം,ഭാഷ തുടങ്ങിയവയെ ഏകശിലാരൂപത്തിലേക്കു മാറ്റുന്നതിന്റെ കൃത്യമായ രാഷ്ട്രീയ അജണ്ടകൾ ഭരണ കൂടത്തിന്റെ ഒത്താശയോടെ നടപ്പിലാക്കുന്നതിന്റെ പ്രതിഫലനം നാം അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.

## ബഹുസ്വരതയിൽ നിന്ന് ഏകശിലാത്മക സംസ്കാരത്തിലേക്ക്

ഇന്ത്യൻ ദേശീയത ബഹുസ്വരതയാണ്. മാനവികതയാണ് അതിന്റെ മുഖമുദ്രയും.എന്നാൽ നമ്മുടെ ബഹുസ്വരതകളെ ഏകശിലാത്മക സംസ്കാരത്തിലേക്ക് കൊണ്ടുപോകാനുള്ള കഠിനശ്രമം നവലിബറൽ നയങ്ങളിലൂടെ ഇന്ത്യയിൽ നടപ്പിലാക്കുകയാണ്. സാമ്രാജ്യത്തിന്റെ കഴുകൻ കണ്ണുകൾ ഇന്ത്യൻ ബഹുസ്വരതയെ തകർക്കുക എന്നതിലേക്കെത്തിയിരിക്കുന്നു. അതുവഴി രാജ്യത്തെ ഏകശിലാത്മക സംസ്കാരത്തിലേക്ക് വഴിതിരിച്ചു വിടുകയും ചെയ്യുന്നു. നാം എന്തു കഴിക്കണം, ഏത് വസ്ത്രം ധരിക്കണം, ഏതു മതത്തിൽ വിശ്വസിക്കണം , എന്ത് ചിന്തിക്കണമെന്നുവരെ ഈ ഏകശിലാസംസ്കാരത്തിന്റെ വക്താക്കൾ വിധിക്കും. ചെറിത്തുനില്പുകൾ

തുടക്കത്തിലേ ഇല്ലെങ്കിൽ വലിയ വിപത്തുകൾക്ക് നാം സാക്ഷിയാകേണ്ടിവരും. ഭരണകൂടം പോലും ഏകശിലാത്മക സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ ബഹുസ്വരതയുടെ തകർച്ച വേഗത്തിലായിത്തീരും.

<u>ബഹുസ്വരതയ്ക്കു നേരെയുള്ള കൈകടത്തലും കടന്നാക്രമണവും.</u>

ടാഗോർ പറഞ്ഞു." ദേശഭക്തി നമ്മുടെ അവസാനത്തെ ആത്മീയ അഭയമല്ല. എന്റെ അഭയം മനുഷ്യവംശമാണ്. രത്നങ്ങളുടെ വിലകൊടുത്ത് ഞാൻ ജീവിച്ചിരിക്കുന്നിടത്തോളംകാലം ദേശസ്നേഹം മനുഷ്യവംശത്തിനുമേൽ വിജയം നേടാൻ ഞാൻ അനുവദിക്കില്ല."ബഹുസ്വരതയ്ക്കു നേരെയുള്ള കടന്നാക്രമണങ്ങൾക്ക് ശക്തിപകർന്നത് ദേശീയതയെക്കുറിച്ച് വ്യാപരിച്ച ഇടുങ്ങിയ ചിന്തയാണ്. അത് ദേശഭക്തിയായി വ്യാഖ്യാനിക്കപ്പെട്ടെങ്കിലും അപകടകരമായിരുന്നു അതിന്റെ ഫലം. ദേശീയ ഗാനം ആലപിക്കുമ്പോൾ സിനിമാ തീയേറ്ററിൽ എഴുന്നേൽക്കണമെന്ന വിചിത്ര വാദം ടാഗോറിന്റെ വിഹഗ വീക്ഷണമാണ് ഇത് കാണിക്കുന്നത്.

നമ്മുടെ യൂനിവേർസിറ്റികൾ, പാഠ്യപദ്ധതി, സർക്കാർപദ്ധതികൾ, സർഗ്ഗാത്മക സൃഷ്ടികൾക്കു നേരെയുള്ള ഭരണകൂടത്തിന്റെ സെൻസറിംഗ് ,കലാ-സാഹിത്യ -സാംസ്കാരിക പ്രവർത്തകർക്കുനേരെയുള്ള കടന്നാക്രമണവും കൊലപാതകവും,മാനുഷികസ്നേഹികൾക്കെതിരെയുള്ള ദേശദ്രോഹാരോപണം തുടങ്ങിയവ ഇന്ത്യൻ ദേശീയതയും മാനവികതയും നേരിടുന്ന പ്രധാന വെല്ലു വിളിയാണ്. നമ്മുടെ ഉപരിപ്ലവമായസ്വപ്നങ്ങൾ

മാറ്റിവെച്ചില്ലെങ്കിൽ നാളെ നമുക്ക് സ്വപ്നം കാണാൻ പോലും സാധിക്കാതെ വരും.



കവിത

## തേനെടുത്താം കിളി



**തൃഷ .എം. അഞ്ചാംതരം ബി**

ഒന്നാം മല കേറി

ചെന്നപ്പോൾ കിളി

ഒന്നരവട്ടക തേനെടുത്തേ.

തേനെടുത്താം കിളി

കതിരെടുത്താം കിളി

തേനും കൊണ്ടക്കിളി

താലോലം

തങ്കത്തി തറുകുഞ്ഞി

താലോലം കിളി

താലോലം കിളി താലോലം

**POEM**

# Iron Age India



**VIDHULA.V, VI -A**

*Iron age India*

*Iron age India*

*The Iron Age*

*In the Indian*

*Sub continent*

*(South Asia)*

*Succeels the Late*

*Harappan.*

*(Cemetery H)*

*Culture, also*

*Known as the*

*Last phase of*

*The Indus*

*Valley tradition*

*The main*

*Iron Age*

*Archaeologic*

*Cultures of*

*India are*

*The painted*

*Grey were*

*Culture ( 1200 to 600 BCE)*

*and the northern*

*Black polished ware*

*(700 to 200 BCE )*

## നാടോടി വിജ്ഞാനീയം

## തച്ചങ്ങാട്: മിത്ത്,ചരിത്രം

വർഷ പി, ഒമ്പതാംതരം എ



**ആമുഖം**

ബേക്കൽ കോട്ട പണിയാനെത്തിയ തച്ചുശാസത്രജ്ഞർ കാട് വെട്ടിത്തെളിച്ച് ഒരു പ്രദേശത്ത് വസിച്ചു തുടങ്ങി. ആ പ്രദേശമാണ് തച്ചങ്ങാട്. 'തച്ചന്മാരുടെ നാട് ' വാമൊഴിയിലൂടെ തച്ചങ്ങാടായി മാറിയതാണെന്ന് പറയപ്പെടുന്നു. ചരിത്ര പ്രാധാന്യമർഹിക്കുന്ന പ്രദേശമാണിത്.കലാ രംഗത്തും കാർഷിക രംഗത്തും ആഘോഷങ്ങളിലും വിശ്വാസരീതികളിലും വിദ്യാഭ്യാസ രംഗത്തും പണ്ടുള്ള കാലം മുതൽക്കേ ഈ പ്രദേശം മുന്നിൽ ഉണ്ടായിരുന്നു.

**സംസ്കൃത പാരമ്പര്യം**

സംസ്കൃത ഭാഷയ്ക്കും സാഹിത്യത്തിനും ചെറുതെങ്കിലും ശ്രദ്ധേയമായ വേരോട്ടമുണ്ടാക്കിയെടുക്കാൻ തച്ചങ്ങാട്ടുകാർ ശ്രമിച്ചിട്ടുണ്ട്.സംസ്കൃത പാഠശാലയും ജോതി സദനങ്ങളും ഇതിന് തെളിവാണ്.ശങ്കരാചാര്യരുടെ 'വിവേക ചൂഡാമണി' ക്ക് ഈ ഗ്രാമത്തിൽ വ്യാഖ്യാനമുണ്ടാവുക എന്നത് ദേശപ്പെരുമയെ സൂചിപ്പിക്കുന്നു.

**സ്ഥലനാമ ചരിത്രം**

തച്ചങ്ങാട് – തച്ചന്മാർ താമസിച്ചതുകൊണ്ട് തച്ചങ്ങാട്. അരവത്ത് മട്ടൈ _ യാദവ സമുദായങ്ങളുടെ കഴകം നരിമാടിക്കാൽ – പഴയ കാലത്ത് നരികളുടെ സങ്കേതമാണ്. കുന്നുമ്പാറ– കുന്നും പ്രദേശങ്ങൾ

ആയതു കൊണ്ട്. വള്ളിയാലിങ്കാൽ– വള്ളി വയലുകൾ ഉള്ളതു കൊണ്ട്.( വീതി കുറഞ്ഞതും നീളമുള്ളതുമായ വയൽ)

## കലാപാരമ്പര്യം

വേറിട്ട നിൽക്കുന്ന കലാപാരമ്പര്യം തച്ചങ്ങാടിനുണ്ട്. അനുഷ്ഠാന കലകളായാലും മറ്റുള്ള കലകളായാലും തച്ചങ്ങാട് സജീവമായ സാന്നിദ്ധ്യം അറിയിച്ചിട്ടുണ്ട്. കഥകളി, കോൽക്കളി, തെയ്യം, പൂരക്കളി, നാടകം ,തിടമ്പുനൃത്തം എന്നീ കലകളും കലാ രൂപങ്ങളും ഇവിടെ നിലനിന്നിരുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് കഥകളി.അരവത്ത് ഇടമന ഇല്ലത്ത് വിശേഷ ദിവസങ്ങളിലും ശ്രാദ്ധം, ജന്മദിനം മറ്റ് അടിയന്തര ദിവസങ്ങൾ എന്നിവയ്ക്ക് പ്രസിദ്ധരായ കഥകളി ആചാര്യന്മാരെ ക്ഷണിച്ച വരുത്തി കഥകളി അവതരിപ്പിച്ചിരുന്നു. നൂറു വർഷത്തോളം പഴക്കമുള്ള കഥകളി ചമയങ്ങൾ കഴിഞ്ഞ തലമുറയിലെ വാഴുന്നോർ മൈസൂർ, കോഴിക്കോട് സർവ്വകലാശാലകൾക്ക് കൈമാറുകയുണ്ടായി. പൂരക്കളിയെ അതിരറ്റ് സ്നേഹിക്കുന്നവരാണ് തച്ചങ്ങാട്ടുകാർ. പണ്ടു മുതൽക്കേ ഇവിടെ പൂരക്കളി അഭ്യസിപ്പിച്ചിരുന്നു. മഹിതമായ ഗ്രാമീണ നാടക പാരമ്പര്യം തച്ചങ്ങാട് പ്രദേശത്തിനുണ്ട്. അഭിനയത്തിന്റെ തികവാർന്ന വ്യക്തിത്വങ്ങൾ പുതിയ കാലത്തും ഊർജ്ജസ്വലരാണെന്നത് ഈ ദേശത്തെ വേറിട്ട താക്കുന്നു. തച്ചങ്ങാട്ടുകാർ തന്നെ സംവിധാനം ചെയ്ത് അഭിനയിച്ച നാടകമാണ് 'സന്താനഗോപാലം'.

## പഴയ കാല വിദ്യാഭ്യാസം

പഴയ കാലത്ത് വിദ്യാഭ്യാസ രംഗത്ത് ശോചനീയമായ അവസ്ഥയിലായിരുന്നു തച്ചങ്ങാട് പ്രദേശം.അക്കാലത്ത് വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലും ചെയ്യാൻ പ്രാപ്തിയുള്ള ജന്മി കുടുംബത്തിന്റെ അധീനതയിലായിരുന്നു ഈ പ്രദേശം.അക്കാലത്താണ് തച്ചങ്ങാട്ടുള്ള വൈദ്യശാലയിൽ സംസ്കൃത പണ്ഡിതനായിരുന്ന ഗോവിന്ദ വാര്യർ എത്തുന്നത്. വൈദ്യശാലയോടനുബന്ധിച്ച് തന്നെ ഗോവിന്ദ വാര്യർ സംസ്കൃത പഠനം ആരംഭിച്ചു. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന പഠന ശാല പിൽക്കാലത്ത് പഠിതാക്കളുടെ അഭാവം മൂലം മന്ദീഭവിച്ച് നിലച്ചു. വൈദ്യശാലയിൽ പ്രവർത്തനം നിലച്ച ശേഷം തച്ചങ്ങാട് അരയാൽ തറയ്ക്ക് സമീപം ഗോവിന്ദൻ വൈദ്യരും നാട്ടുകാരും ചേർന്ന് പണിതുയർത്തിയ പഠനശാലയാണ് എഴുത്ത് കൂട് പള്ളിക്കൂടം. ഇന്ന് നാട്ടിൽ ജീവിച്ചിരിപ്പുള്ള 75 നു മേൽ പ്രായമുള്ളവർ അവിടെ നിന്നാണ്

വിദ്യാഭ്യാസം നേടിയത്.

## പഴയ കാല ചികിത്സ

ചികിത്സാ രംഗത്തും തച്ചങ്ങാട് പ്രദേശം കഴിവ് തെളിയിച്ചിട്ടുണ്ട്. തച്ചങ്ങാട് സ്വന്തമായി വൈദ്യശാല സ്ഥാപിച്ച് എല്ലാത്തരം രോഗത്തിനും ചികിത്സിച്ച് പ്രസിദ്ധനായിരുന്ന ഗോവിന്ദൻ വൈദ്യർ. വിഷചികിത്സയിലും ചർമരോഗ ചികിത്സയിലും പ്രാഗത്ഭ്യം തെളിയിച്ച വൈദ്യരായിരുന്ന കൃഷ്ണൻ വൈദ്യർ . വിഷചികിത്സയ്ക്ക് അന്യദേശത്തു നിന്നു പോലും തച്ചങ്ങാടേക്ക് ആളുകൾ വന്നിരുന്നു.ബാലചിത്സയിൽ പേരുകേട്ട വൈദ്യനായിരുന്ന രാമൻ വൈദ്യർ . കുട്ടികളിലുണ്ടാവുന്ന അപസ്മാരം രാമൻ വൈദ്യരുടെ ചികിത്സയിൽ പരിപൂർണമായി ഭേദമായിരുന്നു. തച്ചങ്ങാട് ഗോവിന്ദൻ വൈദ്യരിൽ നിന്നും വൈദ്യത്തിൽ പ്രാവീണ്യം നേടിയ കുഞ്ഞിരാമൻ വൈദ്യരുടെ 101 ആവർത്തി ക്ഷീരബല പേരുകേട്ട ഔഷധമായിരുന്നു.

## കാർഷിക പാരമ്പര്യം

പ്രധാന തൊഴിൽ കൃഷി, വീട്ടു നിർമ്മാണം, കിണർ നിർമ്മാണം, കൊല്ലപ്പണി, ആശാരിപ്പണി, ചെട്ടിപ്പണി, മൺപാത്ര നിർമ്മാണം തുടങ്ങിയവയാണ്.

## കാർഷികോപകരണങ്ങൾ

പഴയകാലത്ത് ഉപയോഗിച്ചിരുന്ന കാർഷികോപകരണങ്ങൾ കൈക്കോട്ട്സ, പിക്കാസ്, കുങ്കോട്ട്,ഞേഞോൽ, നുകം, കോരിപ്പല, ഏതതാം കൊ്ട്ട, പാത്തി, ഒലക്ക, മുറം, തട്ടുപ്പ, പറ, ഇടങ്ങഴി, ഉഴക്കായ് തുടങ്ങിയവയാണ്.

## വിത്തിനങ്ങൾ

കയമ്മ, ഉണ്ടക്കയമ്മ, പുഞ്ചക്കയമ്മ, കണ്ടറക്കട്ടി, വെള്ളത്തൗവൻ, തൊണ്ണൂറാൻ, ചോമൻ, തവളക്കണ്ണൻ, നഗരി, ക്കരിപ്പല്ലൻ, മുത്താറി, ചാമ, മുതിര മേടമാസം ഒന്നാം തീയ്യതി ജമ്മക്കാരനായ കണിശൻ ഓലയിൽ മുഹൂർത്തം കുറിച്ചുവരും. ഓലയിൽ കുറിച്ച രാശിയിൽ കണ്ടത്തിൽ പ്രത്യേകം തറഉണ്ടാക്കുന്നു. ഉദയത്തിന് വീട്ടിൽ നിന്ന് മുറത്തിൽ വിത്തും കൊടിയിലയും നിലവിളക്കുമായി കണ്ടത്തിൽ വരുന്നു. മുഹൂർത്തസമയം

നോക്കി ഓലിൽ പറഞ്ഞ രാശിയിൽ നിലവിളക്കു കൊളുത്തി കൊടിയിലയിൽ വിത്തിട്ട് തറയിൽ കുഴിച്ചു മൂടുന്നു.

"കരിനിലമുഴുമാ കർഷകനോടും
വർഷം മുഴുവൻ വഴി നന്നാക്കാൻ
പെരിയ കരിങ്കൽ പാറ നുറുക്കി
ഒരുക്കും പണിയാളരൊടും
എരിവെയിലത്തും പെരു മഴയത്തും
ചേർന്നമരുന്നു ദൈവം"

**ഗീതാഞ്ജലി**

**രവീന്ദ്ര നാഥ ടാഗോർ**

കവിത

# തൊട്ടാവാടി



മന്യ മണികണ്ഠൻ, എട്ടാം തരം ഡി

തൊട്ടാൽ പൊട്ടുന്ന മിഠായി പോലുള്ള–

തൊട്ടാവാടിയുണ്ടോ?

അവൾ മഞ്ചാടിക്കുരു മുത്തായ് വന്നാൽ

താരാട്ടാടീടാം ഞാൻ താരാട്ടാടീടാം.

നാട്ടിൽ മുഴുവൻ നീ അപ്പൂപ്പൻ

താടിപോൽ പാറിനടക്കുകില്ലേ

മലരമ്പിളി.......മലർതേൻകിളി...

മധുനാരങ്ങ പുളിമധുര പൈങ്കിളി....

കവിത

# സായാഹ്നമേഘം



**അക്ഷയ. എ, ഒമ്പതാം തരം ഡി**

മറയാൻ  വിതുമ്പുന്ന സായാഹ്നമേഘം,
പെയ്യാൻ വിതുമ്പുന്ന കാർമേഘം പോലെ നീ,
ആകാശ വീതിയിൽ നീന്തിതുടിക്കുന്നു.
അക്ഷയം പോലെ നീ നിഴവലമായും
വാനിൽ നീ വിസ്മയ വീണയായും
ഉജ്വല രൂപനാം സൂര്യനു നീ .
എന്നുമെന്നും ചങ്ങാതി
നിലാവെളിച്ചം തരും അമ്പിളിമാമനു
ചങ്ങാതിയല്ലേ നീ , എന്നുമെന്നും
നിൻ ലോകമെന്നുമാ ആകാശമല്ലേ
നീ എന്നുമവിടത്തെ പ്രിയ സോദരീ,
എന്നു ഞാനെത്തുമാ......വർണഭൂമിയിൽ
നിൻ കൂടെ എന്നും ഉല്ലസിച്ചീടാൻ
നീയും ഞാനും സൂര്യനും
കൂടെ അമ്പിളിമാമനും ഹാ!

സുന്ദരം സുന്ദരം എൻ മുഖം

ഹാ! ആനന്ദം ആനന്ദം എൻ മനം

സായാഹ്നമേഘമേ, മറയരുതേ....

അനുഗ്രഹമായ് നീ നിലകൊള്ളൂ.

പുണ്യമായും, വരമായും

മറയാതെ നീ നിലകൊള്ളൂ.

**നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാവുന്നു.**
**ചിന്തകൾ വാക്കുകളും, വാക്കുകൾ പ്രവർത്തികളും,**
**പ്രവർത്തികൾ മൂല്യങ്ങളുമാവുന്നു.**
**നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാവുന്നത്.**

-മഹാത്മ ഗാന്ധി-

കവിത

## ഓണം



**അക്ഷയ.എ, ഒമ്പതാം തരം ഡി**

ചിങ്ങവെയിലിൻ നറുവെട്ടത്തിൽ

സൗരഭം പൂണ്ടെത്തുമോണനാളെ.......

ആ ഓണനാൾ പുലരിചിരിതൂകിനിൽക്കും.

മാവേലിതപ്പനെ വരവേൽക്കാൻ

നാടിൻ ആനന്ദ കടലാണോണം

വീടിൻ ആഹ്ലാദ തിരയാണോണം

മലയാളിതൻ ഹൃദയ താളമാണോണം.

പുത്തനുടുപ്പിട്ട കുഞ്ഞുകിടാങ്ങളെ

മുറ്റത്തെ പൂക്കള വർണ്ണങ്ങളെ

വാഴയിലയിലെ രുചികളെയും

മാവിൻകൊമ്പിലെ ഊഞ്ഞാലും

കാണാനെത്തും.... മാവേലി

കുഞ്ഞുഹൃദയങ്ങൾ കൊണ്ടാടുമോണം

നവദമ്പതികൾ കൊണ്ടാടുമോണം

വൃദ്ധാ ജനവും കൊണ്ടടൂമോണം

യുവ തലമുറയും കൊണ്ടാടുമോണം.

മാവേലിതപ്പനെ വരവേൽക്കും

ആനന്ദ പൂരിത ആനനത്താൽ,

ആ മലയാളിതൻ ആനനമാണേ

മാവേലിതപ്പന് സംതൃപ്തി.

എന്റെ ജീവിതമാണ് എന്റെ സന്ദേശം

-മഹാത്മ ഗാന്ധി-

# ഫോട്ടോ ഫീച്ചർ



## നന്ദുകൃഷ്ണൻ.ഒമ്പതാം തരം എ









കവിത

## നഷ്ടത്തിന്റെ തീരത്ത്



**ശ്രേയ.എം, ഒമ്പതാം തരം എ**

നഷ്ടങ്ങൾ മാത്രം സഹിക്കുവാൻ
കഴിവുള്ളൊരീ ഭൂമി നിന്റെ
ഇഷ്ട്ടങ്ങൾ ആരറിഞ്ഞീടുന്നു
സംപുഷ്ട്ടമാം ഭോജനം ഭജിക്കുന്നോരോ
നിന്റെ പ്രാർത്ഥനാസ്തുതികൾ നിത്യം
ഉരുവിടുമ്പോഴും എന്തേ നിൻ മഹത്വം
തിരിച്ചറിഞ്ഞില്ല നാം
ചുട്ടുപൊള്ളുന്ന വെയിൽനാളം പോലും
സഹിക്കുവാൻ മാത്രം കരുത്തുണ്ടെങ്കിലും
തനിക്കും ഒരു നല്ല നാളെ വരുമെന്ന
സ്നേഹമാം പൂഞ്ചോല നെയ്ത്
കാത്തിരിക്കൂ ആ ദിനത്തിനായ്.

POEM

# Keys to peace



Sreya.M, IX-A

Flowers are the keys,
to open our eyes
It spreads fragrance,
to fulfil our heart
Flowers are the gifts,
of love and peace
Which gaves a spark,
for the beautiful moments
Flowers are the music of the ground,
from earth's lips spoken without sound
Happiness held seed,
Happiness shared is the flower.

കവിത

# ഒരു പെൺകവിത



## സുധ പയ്യന്നൂർ

ക്ലർക്ക്, ജി.എച്ച്.എസ്.തച്ചങ്ങാട്

കവിതയെഴുതിയ പെണ്ണിനെ
ഒരു കിളിക്കൂട്ടിലാക്കുക.



എഴുതുമ്പോൾ –
കമ്പികളിൽ തട്ടി,
വിരലുകൾ മുറിയുമാറൊരു കൂട്ടിൽ

പേനത്തുമ്പുകളിൽ
നോവു പടരുമ്പോൾ,
ചോര തെറിക്കുംവണ്ണമൊരു കൂട്ടിൽ

ഏറെക്കഴിയാതെ കാണാം,
ആകാശം നിറയുന്ന
മൗനത്തിലൊരു കവിത

മനസിന്റെ ചിറകിൽ,
ഭ്രാന്തു പൂക്കുന്നവർണ്ണത്തിലൊരു കവിത.

കവിത

## പേന

### വിദ്യ, ഏഴാം തരം ഡി

എഴുത്തുകാരൻ ചങ്ങാതി,

നീണ്ടു മെലിഞ്ഞൊരു ചങ്ങാതി.

തൊപ്പിയിട്ടാൽ അടങ്ങിയിരിക്കും

കീശക്കുള്ളിൽ കേറിയിരിക്കും

തിന്മകൾ കണ്ടാൽ ഗർജ്ജിക്കും

നന്മകൾ കണ്ടാൽ കീർത്തിക്കും

ദുഷ്ട്ന്മാരെ ഓടിക്കും

ശിശ്ടന്മാരെ രക്ഷിക്കും

അജ്ഞത മാറ്റാൻ പോരാടും

എന്തു കരുത്താണവനെന്നൊ

തോക്കും ബോംബും തോറ്റോടും

വാളും കുന്തവും വഴി മാറും

കവിത

## മഴ നനയുമ്പോൾ



ഷിംന സി.കെ, ഏഴാം തരം ബി

ഇന്നലെയെൻ സങ്കടം മായ്ക്കാൻ

വന്നത്തി...പുതുമഴ....

ഞാനാ.... പുതുമഴയിലിറങ്ങി.

കുളിരുന്നൊരനുഭവം കുളിരുന്നൊരനുഭവം

ആ...പുതുമഴയിൽ ഞാനൊരു

കളിതോണി നിർമിച്ച്

വെള്ളത്തിൽ ഒഴിക്കികളിച്ചു.

എൻ സങ്കടം മായിഞ്ഞു....

എൻ മനസ്സിൽ സന്തോഷ മഴ പെയ്തു.

പുഴയിൽ വെള്ളം നിറഞ്ഞു,

പുതുമഴ...നീ എൻ പുതുമഴ...

മഴ...മഴ....മഴ.... പുതുമഴ.....

പുതുമഴ....മായാത്ത പുതുമഴ

നീ...മായാത്ത പുതുമഴ

നിന്നുടെ സ്വരം കേൾക്കാൻ

എന്തുഭംഗി....

എൻ കണ്ണുനീർ തുള്ളിപോലെയാണ് നീ.......

ഒരുപാട് ഇഷ്ടമാണെനിക്ക് നിന്നെ.....

മഴയെ....മഴയെ....പുതുമഴയെ.....

മഴയെ....മഴയെ...പുതുമഴയെ...

"വിഡ്ഢികൾ പാതി നിറഞ്ഞപാത്രം പോലെ
എപ്പോഴും ഒച്ചയാട്ടുന്നു.
ബുദ്ധിമാന്മാർ തടാകം പോലെ
ശാന്തരായിരിക്കും"

-ശ്രീബുദ്ധൻ-

കഥ

## അപ്പു



### അമൃത , എട്ടാം തരം എ

പണ്ട് പണ്ട് ഒരു നാട്ടിൽ ദാരിദ്രത്തിൽ മുഴുകിയ കുടുംബംഉണ്ടായിരുന്നു. അവർ അച്ഛനും അമ്മയും മകനും ഒതുങ്ങുന്ന കുടുംബമായിരുന്നു. അവന്റെ അച്ഛൻ മദ്യപാനിയായിരുന്നു. അവന്റെ അമ്മയാണെങ്കിൽ കിടപ്പിലായിരുന്നു. അവന്റെ പേര് അപ്പു എന്നായിരുന്നു. അമ്മ കിടപ്പിലായതിനു ശേഷം അവന്റെ പഠനം നി ന്നു. അച്ഛൻ വൈകുന്നേരം വന്നിട്ട്, വീട്ടിൽ കലഹം ആരംഭിക്കും. അങ്ങനെ അപ്പുവിന് ഏഴ് വയസായി. ഒരു ദിവസം അപ്പു അവന്റെ വീടിനടുത്തുള്ള ഒരു കുളത്തിൽ കുളിക്കാൻ പോയി . അപ്പോൾ അവൻ ഒരു മനുഷ്യനെ കണ്ടു . അദ്ദേഹം അപ്പുവിനെ നോക്കി നടന്നകന്നു . പിറ്റേ ദിവസവും അതു തുടർന്നു . മൂന്നാം ദിവസം അദ്ദേഹം പോകുമ്പോൾ അപ്പു തോർത്തെടുത്ത് ഓടാൻ തുടങ്ങുമ്പോൾ അദ്ദേഹം പറഞ്ഞു. ഓടണ്ട അവിടെ നിൽക്ക് അദ്ദേഹം അവിടെ പോയി

അവനോട് ചോദിച്ചു നിന്റെ പേരെന്ത് അവൻ പറഞ്ഞു അപ്പു.നിന്റെ വീട് എവിടെയാ? നിന്നെ പള്ളിക്കൂടത്തിലൊന്നും കണ്ടിട്ടില്ലല്ലോ.എന്റെ വീട് ദാ ആ കാണുന്ന കുന്നിൻ ചെരുവിലാണ്.ശരി ,അദ്ദേഹം പറഞ്ഞു.അദ്ദേഹം വീണ്ടും പള്ളിക്കൂടത്തിന്റെ കാര്യം പറഞ്ഞു.അപ്പോൾ അവൻ പറഞ്ഞു ഞാൻ പള്ളിക്കൂടത്തിൽ പോകാറില്ല .ആ വാക്കുകൾ കേട്ട അദ്ദേഹം ഒരു മാഷാണ്.അയാൾ ആശ്ചര്യപ്പെട്ടുപ്പോയി.പിറ്റേ ദിവസം ആ മാഷ് ആ കുട്ടിയുടെ വീട്ടിൽ പോയി.എന്നിട്ട് അവന്റെ അച്ഛനമ്മമാരുടെ സമ്മതം വാങ്ങി അവനെ സ്ക്കൂളിൽ ചേർത്തു.അപ്പു പഠിക്കാൻ മിടുക്കനാണ് എന്ന് കേൾക്കുമ്പോൾ അവരുടെ കണ്ണുകളിൽ കൗതുകം നിറഞ്ഞിരുന്നു.ദിവസങ്ങൾ തോറും അപ്പു പാഠം പഠിക്കുമ്പോൾ അച്ഛൻ തന്റെ മകന്റെ ഉയർച്ചകൾ ഓർത്തപ്പോൾ അച്ഛൻ മധ്യജീവിതത്തിൽ നിന്ന് മാറി സാധാരണ രീതിയിലേയ്ക്കായി.അങ്ങനെ അപ്പു പഠിച്ച് വലിയ ലോകം അറിയപ്പെടുന്ന ഒരു കുട്ടിയായി മാറി.പിന്നീട് ഒരിക്കൽ അവൻ മാധവൻ മാഷിനെ കണ്ടു.അവൻ മാഷിനെ കണ്ട ഉടനെ ഓടിപ്പോയി കെട്ടിപ്പിടിച്ചു സന്തോഷം കൊണ്ട് അവന്റെ കണ്ണുകൾ നിറഞ്ഞു.

കഥ

# സംസാരിക്കുന്ന വൃക്ഷം



വഹീദ

രമേഷും സുരേഷും വലിയ സുഹൃത്തായിരുന്നു. അവർ സന്തോഷിന്റെ വീട്ടിൽ വയലിൽ ജോലി ചെയ്തായിരുന്നു ജീവിച്ചിരുന്നത്.ദിവസം മുഴുവനും കഠിനമായി അധ്വാനിക്കും.സന്തോഷ് അവർക്ക് വൈകുന്നേരം പണം കൊടുക്കും. ഒരു ദിവസം അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ സുരേഷൻ രമേഷിനോട് പറഞ്ഞു. നമുക്ക് പട്ടണത്തിൽ പോകാം അപ്പോൾ നമുക്ക് കുറേ കൂടി സമ്പാദിക്കാം. അത് രമേഷിന് ശരിയാണെന്നു തോന്നി. അങ്ങനെ അവർ പട്ടണത്തിൽ പോയി.അവിടെ നിന്നും കുറേ പണം സംമ്പാദിച്ചു. അപ്പോൾ രമേശൻ പറഞ്ഞു എനിക്ക് ഗ്രാമത്തിന്റെ ഓർമ വരുന്നു. സുരേഷനും അതു തന്നെ പറഞ്ഞു.അങ്ങനെ അവർ ഗ്രാമത്തിലേക്ക് പോയി .അപ്പോൾ രമേഷൻ പറഞ്ഞു. ഈ പണം മുഴുവനും എടുത്താൽ തീരും അത് കൊണ്ട് പകുതി പണം നമുക്കീ മരപ്പൊത്തിൽ ഒളിപ്പിച്ചു വെക്കാം. അങ്ങനെ പറഞ്ഞ് അവർ കുറച്ച് പണം എടുത്തിട്ട് ബാക്കിയുള്ള പണം അവർ മരപ്പൊത്തിൽ വെച്ചു. എന്നിട്ട്

അവർ ഇരുവരും വീട്ടിലേക്ക് പോയി.അപ്പോൾ രമേഷന്റെ ഭാര്യ പറഞ്ഞു നിങ്ങൾ ഇത്ര മാത്രമേ സംമ്പാദിച്ചിട്ടുള്ളൂ.ഈ പണം കൊണ്ടു എനിക്കൊരു മാല വാങ്ങാൻ പോലും കഴിയില്ല. അപ്പോൾ രമേഷൻ പറഞ്ഞു നീ എന്താണ് കരുതിയത് എനിക്ക് കുറച്ച് പണം മാത്രം കിട്ടിയത് എന്നൊ... അല്ല ഞാൻ ബാക്കി പണം മരപ്പൊത്തിൽ ഒളിപ്പിച്ചുപ വച്ചു.അത് കേട്ടപ്പോൾ രമേഷന്റെ ഭാര്യക്ക് സന്തോഷമായി.എന്നിട്ട് രമേഷനും സുരേഷനും മരപ്പൊത്തിനടുത്ത് പോയി. ആദ്യം രമേഷൻ മരപ്പൊത്തിൽ കൈയിട്ടു, അപ്പോൾ പണം അതിനകത്ത് ഇല്ലായിരുന്നു.പിന്നീട് സുരേഷ് കൈയിട്ടു. അപ്പോഴും പണം അതിനകത്ത് ഉണ്ടായിരുന്നില്ല. അപ്പോൾ സുരേഷൻ പറഞ്ഞു ഈ പണം കട്ടത് രമേഷൻ ആണെന്ന്, അപ്പോൾ രമേഷൻപറഞ്ഞു പണം കട്ടത് സുരേഷൻ  ആണെന്ന് . അങ്ങനെ അവർ തമ്മിൽ വഴക്കായി.അപ്പോൾ സുരേഷൻ പറഞ്ഞു ഇങ്ങനെ വിട്ടാൽ പറ്റില്ല നമുക്ക് പ്രസിഡന്റോട് പറയാം. പ്രസിഡന്റിനെ കണ്ടു.പ്രസിഡന്റെ പറഞ്ഞു ഇത് വലിയ പ്രശ്നമാണെന്ന്..

ഇതിനെന്താ ഒരു പരിഹാരം. വീണ്ടും രമേഷനും സുരേഷനും തല്ലായി. അപ്പോൾ രമേശൻ പറഞ്ഞു ഈ മരത്തിൽ ഒരു ദേവിയുണ്ട്.നമുക്ക് ദേവിയോട് ചോദിക്കാം എന്നിട്ട് രമേഷൻ ചോദിച്ചു ദേവി മാതാവെ ഈ പണം ആരാണ് കട്ടത്,അങ്ങ് തന്നെ പറഞ്ഞാലും അപ്പോൾ

മരത്തിനുള്ളിൽ നിന്നും ദേവി പറഞ്ഞു ഈ പണം മോശഷ്ടിച്ചത് സുരേഷനാണ്. അവൻ രാത്രി ആരും കാണാതെ വന്ന് മോഷ്ടിച്ചതാണ് സുരേഷൻ പറഞ്ഞു ഞാനല്ല ഈ പണം മോഷ്ടിച്ചത്....ഈ ദേവി കള്ളം പറയുന്നതാണ്..അങ്ങനെ പറഞ്ഞ് സുരേഷൻ ആ മരത്തിന് തീകൊടുത്തു.അപ്പോൾ ആ മരത്തിൽ നിന്ന് ഒരു കരച്ചിൽ കേട്ടു. അയ്യോ എന്ന രക്ഷിക്കണേ..... നോക്കുമ്പോഴേക്ക് അത് രമേഷന്റെ ഭാര്യ ആയിരുന്നു. അപ്പോൾ രമേഷൻ സത്യങ്ങളൊക്കെ തുറന്നു പറഞ്ഞു. രമേഷൻ ആയിരുന്നു പണം മോഷ്ടിച്ചത്....സത്യം എല്ലാവരും അറിഞ്ഞു.പണം മുഴുവൻ സുരേഷിനു കൊടുത്തു.രമേഷൻ പാവപ്പെട്ടവനായി.

"അത് കൊണ്ടാണ് പറയുന്നത് കളവ് ആരും പറയരുതെന്ന് "


STUDY TOUR
STUDY TOUR.
World in 2050
There is no tour To Amusement parks, Monuments etc, There exist a Chance to go to The "SPACE"

**STORY**

# Loneliness



**Arya Radhakrishnan X-A**

***It was a rainy day. Clouds were heavy with water. People were inside their houses. I was alone and rain made me feel alone once again . Rain had a huge impact on every one. It had a strength to increase one's emotions and today I would understand this very well.***

***The word "happy" had vanished from my dictionary. I feel loneliness everywhere. I was not like this. My teachers used to say, "Ankitha is a brilliant student. She has a great potential and could achieve her dreams."But my condition ,is now painful. My parents gave sorrow and left me. And now I am alone here.***

***I don't no what to do. My parents were always quarrelling to each***

*other and got divorsed . Both married once again and never thought of me. And now I ended up in a orphanage. There are many childrens here each child expect to be get adopted and finally fine their home. But this luckiness is only got for a small number of people. Parents are a great gift of God. But my parents doesn't think of me. They went behind their aims and were selfish of their own life. They didn't try to understand my feelings. I loved my parents a lot. But why did they do this to me?*

*And orphanage is always a place of enjoyment I thought. Because there are many children there and we could play with them but now I understood that an orphanage is a painful place.*

*I was trapped in my memories and suddenly a man came and asked, 'who is Ankitha' ? I suddenly stood up . He said, "come with me ''. I went behind him. We went to the office room.*

*I was anxious and worried . 'My destiny is too bad 'I thought.*

*At that time sister Jancy came with two people.'Might be wife and husband', I thought . Sister Jancy said, "Ha.........This is Ankitha". I was surprised and no words came from my mouth. I was at sixes and sevens. Sister Jancy said, "Hey Ankitha why are you not saying anything. This mother and father came here to adopt you......"I was at a*

*state of confusion. I couldn't say a word and that mother came towards me and told,"Today onwards I am your mother and this is your father". Tears came from my eyes and I hugged her. She consoled me. She said, "All parents are not alike my child. We will look after you as our own child." I tried to control my feelings . But I couldn't......... Father came to my side and said, "Will you come with us? We don't have a child to love ." I said , "Definitely" and I went with them. They were too good. They made me study in a good school .*

*After many years I have got my parents and I am very happy now. I now understood that "All are not alike There are good people in this world too"and today I am once again happy.............*

മതമേതായാലും
മനുഷ്യൻ നന്നായാൽ മതി
ശ്രീനാരായണ ഗുരു.

## കവിത

# ഉറങ്ങുന്നതെങ്ങനെ?



## അപർണ്ണ.കെ, പത്താം തരം എ

### ഒന്ന്-ഇരുട്ട്

ഉറങ്ങുന്നതെങ്ങനെ?

ദുരാചാരങ്ങൾ

ദുഷ്ക്രിയകൾ

കഴുകന്മാർ

നീറുന്ന നെഞ്ചകം

കൺമുന്നിലും മറഞ്ഞും

കാമാന്ധത ബാധിച്ചവർ

## രണ്ട്- തിരിച്ചറിവ്

കഴുതയെ പോലെ

മാറാപ്പ നെഞ്ചിലേറ്റി-

ഇതെത്ര കാലം.

വിരൽ ചൂണ്ടുമ്പോൾ

എതിർ വിരൽ ചൂണ്ടണം.

ദുരമൂത്ത ജന്മത്തെ

ചുട്ടു ചാമ്പലാക്കീടണം.

ഇമയൊന്നു ചിമ്മാതെ

പോരാടണം.

## മൂന്ന്- പ്രക്ഷോഭം

പെണ്ണായ പൂവിനെ

കൊഴിച്ചു കളയുമി

കെട്ടനാട്ടിലെ

കരിവണ്ടുകളെ

തേന്നുറും ഭാവേന

കരിവണ്ടുകളെ

ആർത്തിമൂത്ത്

കരിച്ചു കളഞ്ഞല്ലോ

അതിന്റെ ശോഭയെ.

<u>നാല്–മോഹം</u>

ഉറങ്ങാൻകൊതിക്കുന്നു,

ഭയപ്പാടുകൾ ഇല്ലാതെ

ഒരു നിശാ വേളയിൽ

ഹൃദ്ചക്രവാളത്തിൽ

വെളിച്ചം നിറച്ച്

ഉറങ്ങാൻ കൊതിക്കുന്നു

ഇന്നും ഉറങ്ങാൻ കൊതിക്കുന്നു.

കഥ

## ജ്വലിക്കുന്ന താരകം



### സ്വാതി കൃഷ്ണ, ഒമ്പതാംതരം ബി

പാറുവമ്മയുടെ മനസ്സിലും ചിന്തയിലും സ്വപ്നത്തിലും രണ്ടുപേരുകൾ മാത്രമേയുള്ളൂ. ഗിരീഷൻ , ഗീത. അവരുടെ പൊന്നോമന മക്കൾ! അവരെക്കുറിച്ച് പറയുമ്പോൾ ആ അഗതിമന്ദിരത്തിലുള്ളവർക്ക് കലിപ്പാണ് കയറാറ്. കാരണം രണ്ടുമക്കൾ ഉണ്ടായിട്ടും അവർ താമസിക്കുന്നത് അഗതിമന്ദിരത്തിൽ. പക്ഷെ പാറുവമ്മയ്ക്ക് അതിൽ അധികം സങ്കടമില്ല. അവർ തന്നെ വേണ്ടാത്തവരാണ്. അവരുടെ ഭാരമായി കഴിയുന്നതിനേക്കാൾ നല്ലത് ഈ അഗതിമന്ദിരത്തിലാണ്. സഹായിക്കാൻ 'ആരോരുമില്ലാത്ത'വർക്കായുള്ള ഈ മന്ദിരം. അവിടെയുള്ള എല്ലാവരിൽ നിന്നും വ്യത്യസ്തമാണ് പാറുവമ്മയുടെ കഥ. 68−

കഴിഞ്ഞ് തന്നെ 'ചുമയ്ക്കാൻ ' മക്കൾക്ക്, താൻ അവരെ പത്തുമാസം ചുമന്നതിനേക്കാളേറെ കഷ്ടപ്പാടുണ്ടെന്ന് അവർക്ക് മനസ്സിലായി.

ഗിരീഷൻ ഇങ്ങനെയേ ആയിരുന്നില്ല. പാറുവമ്മ ആലോചിച്ചു. പണ്ട് എന്തുണ്ടായാലും അവന് ഞാൻ മുന്നിൽ വേണമായിരുന്നു.എന്നാൽ ജോലി കിട്ടി കല്ല്യാണം കഴിഞ്ഞപ്പോൾ അവൻ ' ഗിരീഷ് സർ ' ആയിമാറി. പതിയെ ആ കുടുംബത്തിൽ കുട്ടികൾ കൂടി വന്നപ്പോൾ താൻ അധികപ്പറ്റായി എന്ന് പാറു അമ്മയ്ക്ക് തോന്നി. ഭർത്താവ് മരിക്കുന്നതുവരെ അവിടെ പിടിച്ചു നിന്നു. അതിനു ശേഷമാണ് കുഴപ്പങ്ങളുടെ തുടക്കം.

“എടാ ഗിരീഷാ,നീ ഇന്നു വരുമ്പോ എനിക്ക് ഒരു കുപ്പി കുഴമ്പ് വാങ്ങിക്കോടാ?മറക്കല്ലേ........കൈയ്യും കാലും ഒന്നനക്കാൻ വയ്യണില്ല.”

ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയ അവൻ തിരിച്ചു വരുമ്പോൾ ഭാര്യക്കും മക്കൾക്കും വേണ്ടതും വേണ്ടാത്തതുമായ എല്ലാം ഉണ്ടായിരുന്നെങ്കിലും താൻ പറഞ്ഞ കുഴമ്പ് ഇവൻ കൊണ്ടുവന്നില്ലല്ലോ എന്നോർത്തപ്പോൾ പാറു അമ്മ കരഞ്ഞുപോയി.

"എടാ ഗിരീഷാ........ എന്റെ കുഴമ്പ് ."

"ഓ അതു ഞാൻ മറന്നുപോയി.”അവന്റെ മറുപടി.

"അതെന്താടാ നീ മറ്റൊന്നും മറന്നില്ലല്ലോ.ഇവളുടെ കൂടെ കൂടി നീ ഇപ്പോളൊരു പെൺകോന്തനായല്ലോ?

അറിയാതെ വന്ന അമർഷം.

"തള്ളേ "എന്നൊരു വിളിയോടെ താൻ ആ വീട്ടിൽനിന്നും പുറത്താക്കപ്പെട്ടതോർത്തപ്പോൾ പാറുവമ്മയുടെ കണ്ണിൽ നിന്നും ഇറ്റുവീഴാൻ കണ്ണീർ തുള്ളികൾ മത്സരിക്കുകയായിരുന്നു.

കഴിഞ്ഞ കാലങ്ങൾ പാറുവമ്മയുടെ മനസ്സിലൂടെ വീണ്ടുംകടന്നുവന്നു.

അവ തല ഉയർത്തുകയാണ്.അന്നൊരു ഞായറാഴ്ച ആയിരുന്നു.അവിചാരിതമായി മകൻ തന്നെ സ്നേഹത്തോടെ വിളിച്ച് മുറിയിൽ മുറിയിൽ കൊണ്ടുപോയി ഇരുത്തി.ഒന്നും പറയാതെ കതകിനടുത്തേക്ക് നടന്നു. അതിനിടയിൽ പറഞ്ഞു.

“അമ്മ കുറച്ചു സമയത്തേക്ക്  ഇവിടെയിരിക്ക്.എന്റെ കൂട്ടുകാർ വരുന്നുണ്ട്. അതാ .പിന്നെ ഇവിടന്ന് ശബ്ദമൊന്നുമുണ്ടാക്കരുത്.”

'ഉം' പാറുവമ്മ മൂളി. അവർക്ക് കാര്യം മനസ്സിലായി. മകൻ വാതിലടച്ചിട്ടുപോയി.

മണ്ടു മൂന്നു മണിക്കൂറാണ് ജലപാനം പോലും കയിക്കാതെ ആ മുറിക്കകത്ത് വീർപ്പുമുട്ടിയിരുന്നു.

“എല്ലാം , എല്ലാം ഞാൻ അനുഭവിച്ചതാണ്.”അവർ മനസ്സിൽ ഓർത്തു

പറഞ്ഞപ്പോൾ കണ്ണീർത്തുള്ളികൾ വീണ്ടും മത്സരിച്ചു.

വൃദ്ധദിനത്തിന്റെ പിറ്റേ ദിവസമാണ് പാറുവമ്മയുടെ വിധിമാറിയത്. ഇവരെ സന്ദർശിക്കാൻ അഗതി മന്ദിരത്തിലെത്തിയ സ്കൂൾ കുട്ടികളോട് പാറുവമ്മ തന്റെ കഥ മുഴുവൻ പറഞ്ഞു. പിറ്റേ ദിവസം അഗതി മന്ദിരത്തിനു മുന്നിൽ വന്നു നിന്ന കാറിൽ നിന്നും രണ്ടുപേർ ഇറങ്ങി വന്നു. കാഴ്ചയിൽ അച്ഛനും മകളുമായിരുന്നു. അവർ ഓഫീസിൽ ചെന്ന് അൽപ്പസമയത്തിനുശേഷം മടങ്ങിവന്നു. പാറുവമ്മയോട് ആ കുട്ടി പറഞ്ഞു. "അമ്മമ്മേ...... വാ നമുക്ക് എന്റെ വീട്ടിലേക്ക് പോകാം.ഒരു മുത്തശ്ശിയില്ലാതെ ഞാനും ശ്രാവണിയും വിഷമിച്ചിരിക്കുവായിരുന്നു. ഇനി മുതൽ നിങ്ങൾ എന്റെ മാത്രം അമ്മമ്മയാണ് " അവൾ പറഞ്ഞു. " അമ്മമ്മേ " എന്ന വിളി കേട്ടപ്പോൾ പാറുവമ്മ ഞെട്ടി.

തന്റെ മുന്നിൽ നിന്നു പുഞ്ചിരിക്കുന്നത് ഒരു കൊച്ചുദേവതയാണെന്നു തോന്നി.കാറിൽ കയറിയപ്പോൾ പാറുവമ്മയ്ക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല.കാരണം കണ്ണിൽ മുഴുവൻ കണ്ണീർത്തുള്ളികൾ പടർന്നിരിക്കുകയാണ്.

അങ്ങനെ പോയ്ക്കൊണ്ടിരിക്കെ എവിടെനിന്നോ ഒരു പാട്ട് അവരുടെ ചെവികളിൽ മുഴങ്ങി.

“അമ്മ എന്താണെന്നാർക്കറിയാം?

ഇല്ല ആർക്കുമതറിയില്ല . അത്

ഈ പ്രപഞ്ചത്തിൽ അലിഞ്ഞു-

ചേർന്ന ദിവ്യ പ്രകാശമാണ്......

എന്നും കത്തിജ്വലിക്കുന്ന തീജ്വാലയാണ്.......”

കവിത

# ആദ്യാക്ഷരം



## മന്യ മണികണ്ഠൻ, എട്ടാം തരം ഡി

**ഞാനെഴുതും കവിതയുടെ ആദ്യാക്ഷരം**

**എന്നും എന്നുള്ളിൽ തിരാതല്ലും പ്രണയാക്ഷരം**

**പകൽഗാനം മൂളുന്ന തിരയാക്ഷരം**

**നെഞ്ചിൽ തിരതല്ലിഒഴുക്കുന്ന മായാക്ഷരം**

**നെഞ്ചം വെളുപ്പിച്ച ദേവാക്ഷരം**

**മഞ്ഞു മുടിടും സ്നേഹത്തിൻ പ്രേമാക്ഷരം**

**മഞ്ഞു മുടി ഒഴുക്കുന്ന സ്നേഹാക്ഷരം**

**മഞ്ഞു മഴപോലെ പെയ്യുന്ന വിജയാക്ഷരം**

**മലയാളഭാഷയുടെ പ്രണയാക്ഷരം**

**എന്നും മുഴുതിങ്കൾ കലപോലെ ഒഴുകുന്നിതാ**

**എന്നും മുഴുതിങ്കൾ കലപോലെ ഒഴുകുന്നിതാ.**

കവിത

# തോരാതെ



## സ്വാതി കൃഷ്ണ ഒമ്പതാം തരം ബി

എന്തിനീ മഴ അജ്ഞാതമായി
പെയ്തു കൊണ്ടിരിക്കുന്നു..
അറിയുന്നില്ല.
ഭയമാണെനിക്ക് ഈ യക്ഷി മഴയെ
തോരുന്നതുവരെ.
ഉറ്റവർ,ഉടയവർ,സ്നേഹിതർ,ബന്ധുക്കൾ
അങ്ങനെ എത്രപേർ,
എത്രപരെ ഈ മഴ കാർന്നുതിന്നു.
ഭയം അത് മഴയെപ്പോലെ തണുത്ത
കാറ്റായി എന്നിൽ വന്നു താണ്ഡവമാടുന്നു.
ഇരുളിൽ തനിച്ചായ വഴിയിൽ ഈ മഴ

ആരെ കാത്തിരിക്കുന്നു.

ഇനിയും എത്ര ജീവനെ ഈ രാക്ഷസ–

മഴയ്ക്ക് വേണം.

ഉറക്കത്തിലായിരുന്നു മഴ വന്ന് മരണത്തിന്റെ

വാതിൽ തുറന്നുതന്നത്

അവിടേയ്ക്ക് എന്നെ തനിച്ചാക്കി എല്ലാവരും

പോയി.

ഈ മഴ ഒരു കുരുക്ഷേത്ര യുദ്ധം പോലെ

അർജ്ജുനന്റെ തേരു പോലെ എന്തിനു

ഇത്ര ശക്തിയായി പെയ്യുന്നു.

യുദ്ധഭൂമിയിലെ ചോരക്കളം പേലെ

അവിടവിടെ ഭൂമിയിൽ ഒരു കുരുതിക്കളമായി

ചതിക്കുഴികൾ.

ആ കുഴിയിൽ എപ്പോഴാണ് ഞാൻ അണയുകയെന്ന്

എനിക്കറിയില്ല.

ഭയം അതെന്നെ പുറത്തിറങ്ങാൻ

സമ്മതിക്കുന്നില്ല.

ഈ മഴ തോരാത്തതെന്തേ.

എനിക്കുറക്കെ ചോദിക്കണം

മഴയോട്.

ഈ കുരുതി എന്തിനെന്ന്.

എത്രയെത്ര അമ്പലങ്ങൾ,പള്ളികൾ,സ്കൂളുകൾ

ഒഴുകിപ്പോയി.

അമ്മയുടെ സേനേഹമായി പെയ്തിറങ്ങേണ്ട

നീ എന്തിനിന്ന് നാശത്തിന്റെ വിത്തുകൾ
പാകുന്നു.
നിന്റെ ഈ  മട്ടുംഭാവവും
എന്നിൽ ഭയത്തിന്റെ പൊൻതളിരുകളെ
പൊട്ടിക്കുന്നു...
അടങ്ങ് മഴയേ അടങ്ങ് നിന്റെ കവി
നിന്റെ താണ്ഡവം
ഇവിടെ ഇറക്കിവയ്ക്ക്.
ജീവന്റെ തളിരുകൾ ഇവിടെ
മുളയ്ക്കട്ടെ.

**അക്ഷരങ്ങൾ ഉപയോഗിക്കുന്ന
കലയും അക്കങ്ങൾ ഉപയോഗിക്കുന്ന
ശാസ്ത്രവുമാണ് ജീവിക്കുന്ന മനുഷ്യരുടെ
രണ്ട് കണ്ണുകൾ.
-തിരുവള്ളുവർ-**

## കഥ

# പ്രളയത്തെ തോൽപ്പിച്ച പെൺകുട്ടി



### ദിൽന സുരേഷ്, ഏഴാം തരം സി

ആലപ്പുഴജില്ലയിലെ ഒരു സാധാരണ കുടുംബത്തിലെ പെൺകുട്ടിയായിരുന്നു മീനു. അവൾ പരിസ്ഥിതിയെ ഏറെ സ്നേഹിക്കുന്നവളായിരുന്നു. അവൾ എല്ലാവർഷവും സ്ക്കൂളിൽ നിന്ന് വൃക്ഷത്തൈകളും, പച്ചക്കറിവിത്തുകളും വാങ്ങിക്കുമായിരുന്നു. മീനു വാങ്ങിച്ച തൈകളും വിത്തുകൾ നടാൻ സഹായിക്കുന്നതും ഒപ്പം അതിനെക്കുറിച്ചുള്ള സംശയങ്ങൾ തീർത്തുക്കൊടുക്കുന്നതും അവളുടെ മുത്തശ്ശിയായിരുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങളായി അവർ നട്ട മരവും പച്ചക്കറിയും വളർന്നില്ല. എന്തുകൊണ്ടാണെന്ന്റിയില്ല. അവർക്കതിൽ സങ്കടമുണ്ട്. സാധാരണ ഇങ്ങനെയുണ്ടാകുമ്പോൾ എല്ലാവരും ഇനി മരം നട്ടുപിടിപ്പിക്കാനോന്നും പോവില്ല. പക്ഷെ മീനു എന്ന കുട്ടി പിന്നെയും വൃക്ഷതൈ വാങ്ങാൻ തിരുമാനിച്ചു. അടുത്ത

വർഷം മരം വലുതാകുമെന്നും പച്ചക്കറി കൃഷി നല്ല രീതിയിൽ പോകുമെന്ന ആത്മവിശ്വാസം അവൾക്കുണ്ടായിരുന്നു. അവൾ സങ്കടമൊക്കെ മാറ്റി അടുത്തവർഷവും വൃക്ഷതൈയും പച്ചക്കറിവിത്തും വാങ്ങി.നല്ല രീതിയിൽ മീനവും മുത്തശ്ശിയും കൂടി അതു നട്ടു. ഓരോ ദിവസവും മീനു വൃക്ഷത്തൈയ്യും, പച്ചക്കറികളും നല്ല പോലെ പരിപാലിക്കും. രണ്ടുനേരം അതിന് വെള്ളമൊഴിക്കുകയും വളമിടുകയും ഒക്കെ ചെയ്തു. ഒരു ദിവസം അതിരാവിലെ എഴുന്നേറ്റ് അവൾ പച്ചക്കറിത്തോട്ടത്തിലേക്ക്പോയി. മീനുവിന് ഏറെ സന്തോഷമായി. ചീരയും വെണ്ടയും പുറത്തേക്ക് തലപൊക്കിയിരിക്കുന്നു. അവൾ വൃക്ഷത്തൈയുടെ അടുത്തെക്കോടി. വൃക്ഷത്തൈയിൽ തളിരിലകൾ. അവൾ കൂട്ടുകാരികളോട് ഈ സന്തോഷം പങ്കുവെച്ചു.

കുറച്ചു ദിവസങ്ങൾക്കുശേഷം പച്ചക്കറികൃഷിയിൽ അത്ഭുതകരമായ മാറ്റം സംഭവിച്ചു. നിറയെ പച്ചക്കറികൾ. വൃക്ഷത്തൈയ്യിലും പുരോഗതിയുണ്ട്. തന്റെ വീട്ടിൽ പച്ചക്കറിവിത്ത് കൊണ്ടുപോയിട്ട് അതിലേറെ പച്ചക്കറികൾ ഉണ്ടായെന്ന് അവൾ അദ്ധ്യാപകരോട്പറഞ്ഞു. അവർ മീനുവിന്റെ വീട്ടിലേക്ക് ആ പച്ചക്കറിത്തോട്ടം നോക്കാൻ വേണ്ടി പോയി. അദ്ധ്യാപകർ

അത്ഭുതപ്പെട്ടു. മീനു പറഞ്ഞപ്പോൾ അവർ ഇത്രയ്ക്കൊന്നും പ്രതീക്ഷിച്ചിരുന്നില്ല. അദ്ധ്യാപകർ ഇത് പ്രധാനാദ്ധ്യാപികയോട് പറഞ്ഞു. അവർ പച്ചക്കറിയെക്കുറിച്ച് മാത്രമല്ല , ആ മരത്തെക്കുറിച്ചും പറഞ്ഞു. അങ്ങനെ കുറേ നാളുകൾക്കു ശേഷം അവളുടെ മരവും വളർന്നു. അവൾക്ക് മരം വളർന്നതിൽ വളരെ സന്തോഷമായി.അങ്ങനെ സ്കൂളിൽ മീനുവിന് വലിയ സ്വീകരണവും സ്കൂളിലെ  മികച്ച കർഷകയ്ക്കുള്ള അവാർഡ് നൽകുകയും ചെയ്തു. പിന്നെ അസംബ്ലിയിൽ നിന്നൊരു കാര്യം കൂടി പറഞ്ഞു. അടുത്ത ദിവസം കോട്ടയത്ത് നിന്നൊരവാർഡ് മീനുവിനാണെന്നും.അതിൽ ഞങ്ങൾക്ക് വലിയ അഭിമാനമുണ്ടെന്നും പ്രധാനധ്യാപിക പറഞ്ഞു. അവൾക്ക് ഏറെ സന്തോഷമായി. അവൾ ഇക്കാര്യം ആദ്യം പറഞ്ഞത് തന്റെ പ്രീയപ്പെട്ട ആ മരത്തോടാണ്. അവളെല്ലാ കാര്യങ്ങളും പങ്കുവെക്കുന്നതും ആ മരത്തോടാണ്.

അവൾ ഈ കാര്യം വീട്ടിൽ പറഞ്ഞു. നാളെ അവളെ അച്ഛൻ കോട്ടയത്ത് കൊണ്ടുപോകുമെന്നും പറഞ്ഞു. അന്ന് രാത്രി അവൾ ഉറങ്ങിയതേ.. ഇല്ല. അവളുടെ മനസിൽ നിറയെ ആ മരവും പച്ചക്കറിത്തോട്ടവുമായിരുന്നു. തന്റെ നേട്ടങ്ങൾക്കെല്ലാം കാരണം ഇവ രണ്ടുമായിരുന്നു. ആ മരം ഇനിയുമിനിയും വലുതാകുമെന്ന് അവൾ

വിചാരിച്ചു.

രാത്രി നല്ല മഴയായിരുന്നു. കുറച്ചു നേരം കഴിയുമ്പോഴാണ് അതി ഭീകരമായ ഒരു ശബ്ദം അവൾ കേട്ടത്. വെള്ളത്തിന്റെ ശബ്ദമാണത്. അവൾ അച്ഛനേയും അമ്മയേയും ഉണർത്തി. അവർ വേഗം പുറത്തേക്ക് ഇറങ്ങി നോക്കിയപ്പോൾ വാർത്തയിൽ കണ്ട പ്രളയം തന്റെ നാട്ടിലേക്കും എത്തിയിരിക്കുന്നു. അവർ വേഗം അകത്തേക്ക് കയറി വാതിലടച്ചിരുന്നു. വെള്ളം പുറത്തുണ്ട്. കുറച്ചു കൂടി കഴിഞ്ഞാൽ വെള്ളം അകത്തു കയറും. പെട്ടെന്നുണ്ട് അടുക്കള ഭാഗത്തു കൂടി വെള്ളം അകത്തേക്ക് കയറുന്നു. അരഭാഗം വരെ വെള്ളം കയറി. മീനുവിന് പേടിയായി. പെട്ടെന്നാണ് അവൾ പച്ചക്കറി കൃഷിയേയും തന്റെ പ്രിയപ്പെട്ട മരത്തേയും കുറിച്ചോർത്തത്. അവൾക്ക് എന്തായാലും പുറത്തേക്കിറങ്ങാൻ പറ്റില്ല. തന്റെ മരത്തിന് എന്തു സംഭവിച്ചിട്ടുണ്ടാകുമെന്നോർത്ത് അവൾ കരഞ്ഞു. രാവിലെയാകും വരെ അവർ ആ വെള്ളത്തിൽ തന്നെ നിന്നു. രാവിലെ ശക്തിയായ മഴയുണ്ടായിരുന്നു. നാട്ടുകാരും മത്സ്യ തൊഴിലാളികളും വന്ന് അവരെ രക്ഷപ്പെടുത്തി ദുരിതാശ്വാസ ക്യാമ്പിലെത്തിച്ചു. പുറത്തേക്കിറങ്ങുമ്പോൾ മീനു ആ മരത്തെ കണ്ടിരുന്നില്ല. കാരണം അത് പിറകിലാണ്. ദുരിതാശ്വാസ ക്യാമ്പിലെത്തിയ അവളുടെ മനസിൽ ഏറെ സങ്കടമായി. വീട്ടിൽ പോകണമെന്ന് അച്ഛനോട് കുറേ പറഞ്ഞു.

അച്ഛൻ സമ്മതിച്ചില്ല. മഴയെല്ലാം മാറിയപ്പോൾ അവർ വീട്ടിലേക്ക് മടങ്ങി. അവൾ ആ കാഴ്ച കണ്ട് പൊട്ടിക്കരഞ്ഞു. തന്റെ മരവും ആ പച്ചക്കറിത്തോട്ടവും നശിച്ചിരിക്കുന്നു.അവൾക്ക് താങ്ങാനായില്ല. പിന്നീടവൾ ആരോടും മിണ്ടിയില്ല.സ്കൂളിൽ പോയാൽ ടീച്ചർ ചോദ്യം ചോദിച്ചാൽ ഉത്തരം പറയില്ല . ഒരു ദിവസം ടീച്ചർ അവളോട് പറഞ്ഞു, നിനക്ക് കിട്ടാനുള്ള അവാർഡ് നാളെ തരുമെന്നും,നീ അങ്ങോട്ട് പോകണമെന്നും. പക്ഷേ അവളുടെ മറുപടി കേട്ടപ്പോൾ ടീച്ചർക്ക് സങ്കടമായി.കാരണം അവൾ പറഞ്ഞത്,ഇങ്ങനെയാണ് താനൊരു അനുജനെപ്പോലെ നോക്കിയ ആ മരവും,താൻ വളവും വെള്ളമൊഴിച്ച പച്ചക്കറിയും ഒക്കെ നശിച്ചു.അതില്ലാതെ എന്തിനാണ് എനിക്ക് ഈ അവാർഡ്.

അവൾ വൈകുന്നേരം വീട്ടിലെത്തി. അവളുടെ കൈയിൽ ടീച്ചർ കൊടുത്തയച്ച വൃക്ഷത്തൈകളുണ്ടായിരുന്നു. ഇനിയൊരു പ്രളയം വരാതിരിക്കാനും പ്രളയത്തോടുള്ള വാശിയും ദേഷ്യവും കൊണ്ട് അവൾ പ്രളയത്തെ തോൽപ്പിച്ച് അവളുടെ വീടിനു ചുറ്റും,സ്കൂളിലും നിറയെ മരങ്ങൾ വെച്ചു പിടിപ്പിച്ചു........

കവിത

## അമ്മ



**മന്യ, ഒമ്പതാം തരം ഡി**

അമ്മയിൽ ധർമ്മത്തെ നുകർ–
ന്നങ്ങു കഴിയുമ്പോളെൻ മനം
മൊന്നും അറിയാതെയറിയാതെ
അമ്മയിൽ സത്യത്തെ മറക്കുവാൻ
കഴിയില്ല ധർമത്തിൻ നുകർന്ന
മക്കൾക്കു പോലും.
ഗൃഹത്തിൻ നിലവിളക്കായും
പുസ്തക താളുകളിലക്ഷരമായും
നാടിൻ വെളിച്ചമായും
മക്കൾക്കു ജീവിത പ്രകാശമേകും

മാതാവെ നിൻ പാദസ്പ-

ർശമെനിക്കനുഗ്രഹമെ

കരയുമ്പോ കൂടെകരയുവാനും

ചിരിക്കുമ്പോ കൂടെ ചിരിക്കുവാനും

എന്നമ്മയെ പോലെയാരുമില്ല


യെന്നമ്മയെ പോലെയാരുരുമില്ല.

ഇതിനാൽ വിലക്കപ്പെട്ടിരിക്കുന്നു
കാരണമറിയാതെ കരയുക;
സ്വപ്നങ്ങളൊന്നും ശേഷിപ്പിക്കാതെ
പെട്ടെന്നൊരുനാൾ ഉറക്കമുണരുക;
സ്വന്തമോർമ്മകളെത്തന്നെ
പേടിച്ചുകഴിയുക...
ഇതിനാൽ വിലക്കപ്പെട്ടിരിക്കുന്നു
അപായത്തിന്റെ മുഖത്തു നോക്കി
പുഞ്ചിരിക്കാതിരിക്കുക;
താൻ സ്നേഹിക്കുന്നവർക്കായുള്ള
യുദ്ധത്തിൽ നിന്നു പിൻവാങ്ങുക.

-പാബ്ലോ നെരൂദ-

നാടകം

# മഷി



ശ്രീജിത്ത് കക്കോട്ടമ്മ
അധ്യാപകൻ

(സബ്ജില്ലാ സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡോടെ രണ്ടാം സ്ഥാനവും നിരവധി വേദികളിൽ അവതരിപ്പിച്ചതുമായ നാടകം)

(വേദിയിൽ ഏഴുപേർ. എല്ലാവരുടെയും കൈയിൽ പരീക്ഷപ്പേപ്പർ. ഒരു നടി കരയുന്നു.മറ്റുള്ളവർ അവളെ കളിയാക്കി പാടുന്നു. പാട്ടിനൊത്ത് നൃത്തം ചവിട്ടുന്നു.)

"ലാലല്ല ലാലാലാ ലാലാ ലാലല്ല ലാലാലാ .....

ലാലല ലാലാ ലാലാല ലാല ലാലല്ല ലാലാലാ... (2)

കരയല്ലെ കരയല്ലെ മോളെ കരയല്ലെ കരയല്ലെ.....

കരയല്ലെ കരയല്ലെ കല്യാണി മോളെ

കരയല്ലെ കരയല്ലെ ....

എല്ലാരും തോറ്റില്ലെ മോളെ നമ്മളും തോറ്റില്ലെ....

പിന്നെന്താ മോളെ കല്യാണി മോളെ കണ്ണു കലക്കുന്നേ...

ഇനിയുമെഴുതാല്ലോ മോളെ നമ്മക്കെഴുതാലോ....

പിന്നെന്താ മോളെ കല്യാണി മോളെ കണ്ണു കലക്കുന്നെ....

ലാലല്ലാ ലാലാ ലാാ... ലാലാ... ലാലല്ല ലാലാലാാ....

ലാലല്ല ലാലാ... ലാലാല ലാല.. ലാലല്ല ലാലാ ലാ..."

(പാട്ടു കഴിഞ്ഞ് എല്ലാവരും നിരാശയോടെ കരയുന്ന നടിയെ നോക്കുന്നു.)

കുട്ടി 1 : കല്യാണീ............ മോളേ... കല്യാണീ.....

എല്ലാവരും :മോളേ...... കല്യാണീ....

കുട്ടി 1 : ആദ്യായിറ്റി പരീക്ഷക്ക് തോക്കുമ്പോ അങ്ങനെല്ലം

ഇണ്ടാകും  പിന്ന അതോരു ശീലായിക്കോളും.

കുട്ടി 2 : അയ്നോള് തോറ്റിറ്റോന്നില്ലല്ലോ കൊർച്ച് മാർക്ക്

കൊർഞ്ഞോയീന്നേല്ലെ ഇല്ലു.

കല്യാണി : നിങ്ങക്ക്  അങ്ങനെല്ലം പറയാം. ഈ മാർക്ക് ബീട്ടില്

കാണിച്ചാ അച്ഛനെന്ന കൊല്ലും .

കുട്ടി 1 : (പുറത്തേക്ക് നോക്കിക്കോണ്ട് ) ദേ.... സുമ ടീച്ചറ്. (മറ്റുള്ളവരോട്)

ടീച്ചറെന്തെ ഈ ബയിക്ക്.

കുട്ടി 3 : ആ വാടക വീട്ടിലാ ടീച്ചറെ താമസം.

(ടീച്ചർ കടന്നു വരുന്നു)

എല്ലാവരും : ഗുഡ് മോണിങ്ങ്... ശെ അല്ലല്ല . ഗുഡ് ഈവനിങ് ടീച്ചർ......

( ഒരു കുട്ടി മാത്രം ഗുഡ് ആഫ്റ്റർ നൂൺ ഉച്ചത്തിൽ പറയുന്നു.)

ടീച്ചർ : (ചിരിച്ചു കൊണ്ട്) ഗുഡ് ഈവനിങ്. നിങ്ങളെല്ലാം വീട് ഈ വായന ശാലേരേ അടത്താ...

കുട്ടി 2 : അതെ ടീച്ചറെ എന്നാലും ഈട്ത്തേക്ക് ബെരാൻ ബീട്ട്ന്ന് ബിടലില്ല.

കുട്ടി 3 : കല്യാണിക്ക് ഇപ്പളും സങ്കടം പോയിറ്റ ടീച്ചറെ

(ടീച്ചർ കല്യാണിയുടെ അരികിലേക്ക് പോകുന്നു.)

ടീച്ചർ : കല്യാണീ....

(കല്യാണി കരയുന്നു.)

ടീച്ചർ : എന്നാലും നിങ്ങളെന്നെ സങ്കടപ്പെടുത്തീലോ മക്കളെ. മലയാളം നമ്മുടെ അമ്മ ഭാഷയല്ലെ . അമ്മവിഷയത്തിൽ മിടുക്കരായ നിങ്ങളും തോറ്റൂലോ...

കുട്ടി 4 : ടീച്ചറേ.... ടീച്ചറെ ടീച്ചറെ ... ഒള് ആറ് ചോദ്യത്തിന് ഉത്തരേ.... എയ്ദീറ്റാ.....

ടീച്ചർ : ഉം. എം ടിയുടെ രണ്ടാമൂഴത്തിന്റെ ആസ്വാദനമെഴുതാനുള്ള ചോദ്യമായിരുന്നു കല്യാണി ഉത്തരമെഴുതാത്ത പ്രധാന ചോദ്യം . കല്യാണി നിനക്കതറിയാമായിരുന്നല്ലോ മോളേ... പിന്നെന്താ എന്റെ മോക്ക് പറ്റീത്.

കല്യാണി : (കട്ടയിൽ നിന്നും എഴുന്നേൽക്കുന്നു.)എനിക്കറിയാം.

എനിക്കറിയാം ടീച്ചറേ... മറ്റാരെക്കാളും നന്നായി എം.ടിയുടെ രണ്ടാമൂഴം എനിക്കറിയാം. പക്ഷേ..... പേടിയാ ടീച്ചറെ. മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ എം. ടി. അദ്ദേഹത്തെ പോലും കൊല്ലാൻ നടക്കുന്നവർ ഈ സമൂഹത്തിലുള്ളപ്പോൾ പേടിയാ.... ടീച്ചറെ. എഴുത്തും വായനയും ഇഷ്ടപ്പെടുന്നത് തെറ്റാണോ ടീച്ചറെ. എഴുത്തുകാരെ കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ പോലും പേടിയാ.... എനിക്കൊരിക്കലും നന്നായി എഴുതണ്ട എഴുത്തുകാരിയാകണ്ടാ....

(മറ്റുള്ളവർ സങ്കടത്തോടെ കട്ടയിൽ നിന്നും ഇറങ്ങി വരുന്നു.)

എല്ലാവരും : അതെ. ഞങ്ങൾക്കൊരിക്കലും നന്നായി എഴുതണ്ട എഴുത്തുകാരിയാകണ്ടാ...

(ടീച്ചർ കുട്ടികളെ ചേർത്തു പിടിക്കുന്നു. )

ടീച്ചർ : "നിവർന്നു നിന്നതു പറയാനായി

മടികൂടുന്നോരു ആൾക്കൂട്ടം (2)

നിവർത്തികേടിൻ പേരു പറഞ്ഞ്

മുട്ടു മടക്കും ആൾക്കൂട്ടം (2)

കുരുന്നു മനസിലിരുട്ടു കോരി

പിറകോട്ടേക്കു നയിക്കുന്നു.(2)

പഠിച്ചു പഠിച്ചു നല്ലവരായി

മുന്നോട്ടേക്ക കുതിക്കേണം (2)

നിവർന്നു നിന്നതു പറയാനായി

മടി കൂടുന്നൊരു ആൾ കൂട്ടം

(കുട്ടികളും ടീച്ചറും പാട്ടിനൊത്ത് പുറത്തേക്ക് പോകുന്നു. പിറകിൽ നിന്നും അനൗൺസ്മെന്റ് )

: തൊണ്ട പൊട്ടുമാറുച്ചത്തിൽ ശബ്ദമുയർത്തേണ്ടുന്ന കാലത്ത് നിശബ്ദത ഒരു കുറ്റമാണ്. കാട്ടാള നീതിയുടെ രാവണൻ കോട്ടകളെ തച്ചു തകർക്കാൻ നിലപാടുകളുടെ ഉറച്ച ശബ്ദം അനിവാര്യതയുമാണ്.ഞങ്ങൾ അവതരിപ്പിക്കട്ടെ, കൂടെ നിങ്ങളും നാടകം മഷി.

(പുറകിൽ നിന്നും മുദ്രാവാക്യം ഉയരുന്നു.ഒപ്പം നാലു പേർ വരുന്നു. എല്ലാവരുടെയും മുഖത്തും കൈകളിലും ബാൻഡേജുകൾ.)

" സിന്ദാബാദ് സിന്ദാബാദ്

(ഒരാൾ വിളിച്ചു കൊടുക്കുന്നു. മറ്റുള്ളവർ ഏറ്റു വിളിക്കുന്നു.)

"സിന്ദാബാദ് സിന്ദാബാദ്

നരകം പോലൊരു നോവലെഴുതി

പ്രളയം കൊണ്ട് മുടുപ്പിച്ച

നോവലിസ്റ്റേ മൂരാച്ചി

പാക്കിസ്ഥാനിൽ പോയ്ക്കോളൂ.....

നാട്ടിൽ മുഴുക്കെ അക്രമമാക്കിയ

മീശാ എന്നൊരുന്ന കാട്ടാളാ..

നാടു വിട്ട് പോയ്ക്കോളൂ....

സിന്ദാബാദ് സിന്ദാബാദ് (2)

(പിറകിൽ നിൽക്കുന്നയാൾ. ശ്രീഹരി )

ശ്രീഹരി : നിർത്ത് നിർത്ത് . ഒന്ന് നിർത്തറോ....

( മറ്റുള്ളവർ തിരിഞ്ഞു നിൽക്കുന്നു. )

ശ്രീഹരി : (തട്ടിൽ കയറി ദൂരേക്ക് നോക്കുന്നു.) അത്.... അത് മീശയല്ലേ...

ആയിഷ : അതേ, അത് മീശെന്നെ

ആൻസി : ജീവൻ വേണേൽ ഓടിക്കോ..........

(എല്ലാവരും ഓടുന്നു.അൽപസമയത്തിനുശേഷംതിരിച്ചു വരുന്നു. കൈ കൊട്ടി തുള്ളുന്നു. കട്ടകളിൽ ഇരിക്കുന്നതിനിടയിൽ )

ശ്രീഹരി : നാടകം ജോറായിനി

ആയിഷ : അത് കലക്കി. നമ്മ തകർക്കും

ആൻസി : നാടകത്തിന്റെ തുടക്കം സൂപ്പറെന്നെ.

ആയിഷ : ദേ.... ശ്രീഹരീ..... (കട്ടയിൽ നിന്നും എഴുന്നേറ്റ് ശ്രീഹരിയുടെ

അരികിലാക്ക് ദേഷ്യത്തോടെ പോകുന്നു.) ആ മുദ്രാവാക്യം വിളിക്ക്ന്നേന്റെ എടേല് നീ മനപൂർവ്വൊല്ലെ എന്റെ കാലില് ചവിട്ട്യേ. നോമ്പലെട്ത്താല് ഞാൻ നാടകം ന്നോന്നും നോക്കീല പറഞ്ഞേക്കാം.

(ശ്രീഹരിയെ തട്ടിയിടുന്നു.)

( ശ്രീഹരി പൊടിതട്ടി എഴുന്നേക്കുന്നു.)

ശ്രീഹരി : അന്തുക്കാദർ മകൾ ആയിഷേ.. നമ്മാരേം അറിഞ്ഞോണ്ട് ചവിട്ടീല. നാടകം ജീവിതമാണ് ജീവിക്കുന്നതിനിടയിൽ അപ്രതീക്ഷിതമായി പിറകിൽ നിന്നും മർദ്ദനമേറ്റേക്കാം .

(ശ്രീഹരി പറഞ്ഞു കഴിയുമ്പോഴേക്കും ആയിഷ അവനെ ചവിട്ടുന്നു.വീഴുന്നു. ആയിഷ അടുത്ത കട്ടയിൽ കയറുന്നു. )

ആയിഷ : ഗോപാലകൃഷ്ണൻ മകൻ ശ്രീഹരീ....... നിന്റെ ചവിട്ട് കൊള്ളാൻ നീയാദ്യം ഒര്ത്തീന കെട്ടിക്കൊണ്ട് വാടാ......

ഗൗരി : ഛേ.... നിങ്ങളിങ്ങനെ തല്ലുകൂടലപ്പാ... ഒന്നൂല്ലേലും സാംസ്കാരിക പ്രവർത്തരല്ലേ.. നമ്മങ്ങളൊക്കെ..

ആയിഷ : ചവിട്ട് കൊണ്ടാ ഏത് സാംസ്കാരിക പ്രവർത്തകയ്ക്കും നോവും ഗൗരി. പ്രത്യേകിച്ച് എനിക്ക്.

ആൻസി : അല്ലാ.. മീറ്റിംഗ് വിളിച്ചിറ്റ് ഇന്നും ആരെം കാണുന്നില്ലല്ലോ..... ഇതിപ്പോ എത്രാമത്തെ മീറ്റിംഗ് വിളിക്കല്

ആയിഷ : അല്ല ഗൗരി പറേമ്പോ നീ ചൊടിച്ചൂടാ നമ്മക്കൊന്നും ബേറെ പണീലാഞ്ഞിട്ടല്ല ഈ ബായന ശാലേരെ മുമ്പില് ഇങ്ങനെ കാത്തുകെട്ടി കെട്ക്ക്ന്നത്.

ഗൗരി : പണീണ്ട് ആയിഷാ. എല്ലാർക്കും പണീണ്ട്. പക്ഷേ ജീവിക്കാനുള്ള ആ പരക്കം പാച്ചിലുകൾക്കിടയിൽ നാമൊരിത്തിരി നേരം ഈ വായന ശാലയ്ക്കു വേണ്ടി മാറ്റി വച്ചാൽ വരാനിരിക്കുന്നത് ഈ ഇരുളിനെ കീറി മുറിച്ചെത്തുന്ന പ്രതീക്ഷയുടെ പുതിയ പുലരികളായിരിക്കും.

ആൻസി : ഓ..... തൊടങ്ങി ഓളെ സാഹിത്യം. ഇതിപ്പോ എത്ര കാലായി ബായന ശാല ബായന ശാലാന്ന് പറഞ്ഞ് നടക്ക്ന്ന് എന്നിറ്റോ....? അമ്പതോളം വീട്കളുള്ള ഈ നാവില്ലാക്കുന്നില് നാലാൾക്കപ്പുറം അഞ്ചാമതൊരാളെ കൂട്ടാൻ കയിഞ്ഞോ നമ്മക്ക്.

ഗൗരി : എല്ലം ശെരിയാവുപ്പാ... ബാ നമ്മക്ക് നാടകം കളിക്കാലോ.....

ശ്രീഹരി : (മടിയോടെ) ഓ..... പെട്ടുപോയീന്ന് പറഞ്ഞാ മതീ ലോ ഉം. ബാ. നാടകം കളിക്കാലോ....

(എല്ലാവരും ഓട്ടൻ തുള്ളലിലേതു പോലെ നൃത്തം കളിക്കുന്നു . വായന ശാലയ്ക്കു പിറകിൽ നിന്നും പാട്ട്.)

: " മണ്ണിതിലാകെ ലഹരി നിറയ്ക്കാൻ

കഴുകൻ പാറി നടക്കുന്നു.

ചിറകറ്റവരും ചെറുപക്ഷികളും

കോപ്രായങ്ങൾ കാട്ടുന്നു.

(മറ്റുള്ള മൂന്നു പേർ ഇരിക്കുന്നു. ഒരാൾ മാത്രം കളിക്കുന്നു.)

ഇന്ധനവിലയോ നൂറു കടന്നാൽ

നാട്ടാർക്കതുമൊരു പ്രശ്നവുമല്ല

വാട്സാപ്പിലും ഫെയ്സ്ബുക്കിലും

വീണു മരിക്കാൻ നെറ്റു തരുന്നൊരു

മുതലാളിക്കോ സ്തുതിയതു പാടാൻ

വരിവരി നില്ക്കും ജനമിതു കണ്ടോ..

വാട്സാപ്പ് ജയജയ സീരിയൽ ജയജയ (2)

(കളിച്ചുകൊണ്ടിരുന്ന കുട്ടി കട്ടയിൽ ഇരിക്കുന്നു.)

(ഒരു പെൺ കുട്ടി ഫോണിൽ നോക്കിയിരിക്കുന്നു. മറ്റുള്ള രണ്ടുപേർ കട്ടയിലിരിക്കുന്നു. പെട്ടെന്ന് ഫോൺ അടിക്കുന്നു. പെൺകുട്ടി ഫോൺ എടുക്കുന്നു.)

പെ. കുട്ടി : മോനേ.... ഷുക്കൂറേ.... നീ എന്തെടാ ഇത്ര ബൈതേ വിളിക്കാൻ. കള്ളൻ വേറെ വല്ല പീസിനേം വിളിച്ചതായിരിക്കും അല്ലേ...

പിറകിൽ നിന്നും : ഏയ് അല്ലപ്പാ....

പെ. കുട്ടി : മോനേ.... ഷുക്കൂറേ.... അന്ന നമ്മക്കറിയാടാ... നാള നമ്മക്ക്

ക്ലാസ്സ് കട്ടാക്കിയാലോ.?

പിറകിൽ നിന്നും : നാളാ... നാള കട്ടാക്കണ്ടപ്പാ.... നാള സുപ്രിയ ടീച്ചറെ സു.. സു.. സുവോളജി ക്ലാസ്സ്ണ്ട്.

പെ.കുട്ടി : അതല്ലടാ... നാള നേതാജീരെ എസ്സേ എയ്തിക്കൊണ്ടോവാൻ പറഞ്ഞിറ്റേ, എയ്താതെ പോയ്റ്റ് വെറ്തേ ടീച്ചറോട് കലമ്പീറ്റ് സീനാക്കണ്ടാന്ന് വിചാരിച്ചിറ്റ്.

പുറകിൽ നിന്നും : നേതാജിയോ? അതെന്ത്യേ സാധനം ?

പെ. കുട്ടി : ഉമ്മടാ.....

പിറകിൽ നിന്നും : ഉമ്മയോ.......

പെ.കുട്ടി : ഛീ.... പോടാ.....

പിറകിൽ നിന്നും : അതും പോയീ....

പെ. കുട്ടി : ഗ്രൂപ്പില് അടിച്ചോക്കാന്ന് വിചാരിച്ചിന് പിന്ന എന്ക്ക് മടിയായി

പിറകിൽ നിന്നും : അല്ലണെ.. നീ പ്രോഗ്രസ് കാർഡില് അമ്മേരെ ഒപ്പ് മേൺച്ചാ....

പെ. കുട്ടി : ഇല്ലടാ. അമ്മേന കാൺച്ചാ... പൂരത്തെറിയായിരുക്കും

പിറകിൽ നിന്നും : എടീ മണ്ടീ... നിന്റെ അമ്മ സീരിയല് നോക്കുമ്പോ മറുകൈയ്യറിയാതെ നീ ഒപ്പ് മേണിക്ക്.

പെ.കുട്ടി : അത്. അത് നടക്ക്വേടാ....

പിറകിൽ നിന്നും : നടക്കും നമ്മോല്ലും അങ്ങനെയല്ലെ ആക്കല്

പെ.കുട്ടി : നോക്കട്ട് കിട്ട്യാ മതിയായിരുന്നു.

( പെ.കുട്ടി പ്രോഗ്രസ്സ് കാർഡുമായി അമ്മയുടെ അരികിലേക്ക് പോകുന്നു. ബാക്ക് ഗ്രൗണ്ടിൽ '" കസ്തൂരിമാൻ " സീരിയലിന്റെ മ്യൂസിക് ഉയർന്നു കേൾക്കാം . കട്ടയിൽ ഇരിക്കുന്ന രണ്ടുപേർ സീരിയൽ കാണുന്നതുപോലെ ഇരുന്ന് കരയുകയും കണ്ണു തുടക്കുകയും ചെയ്യുന്നു. പെൺകുട്ടി പേടിയോടെ അമ്മയുടെ അടുത്തേക്ക് പോയി പ്രോഗ്രസ് കാർഡ് കാണിക്കുന്നു. സീരിയലിൽ മുഴുകിയ അമ്മ കാർഡ് നോക്കാതെ ഒപ്പിട്ട് കൊടുക്കുന്നു. പെൺ കുട്ടി തുള്ളിച്ചാടുന്നു.ഫോണിൽ)

പെ. കുട്ടി : യേ..... കിട്ടിടാ.... എൻക്കൊപ്പ് കിട്ടീ.. നിന്റെ ഐഡിയ സൂപ്പറന്നെ. നീയിപ്പോ ബെച്ചോടാ... എൻക്ക് ബേറെ ചാറ്റിങ്ങ്ണ്ട് .

പിറകിൽ നിന്നും : അത് നന്നായിണെ. എൻക്കുണ്ട്.

പെ. കുട്ടി : ഉം. ആയി.

(പെൺകുട്ടി ഫോൺ വെയ്ക്കുന്നു. പിന്നീട് ചാറ്റ് ചെയ്യുന്നു. സീരിയൽ നോക്കുന്നവർ അതിൽ മുഴുകിയിരിക്കുന്നു. കരയുന്നു. പെട്ടെന്ന് ഒരു കള്ളൻ കയറി വരുന്നു. എല്ലാവരേയും നിരീക്ഷിച്ച ശേഷം സാധനങ്ങൾ പെറുക്കി ചാക്കിലിടുന്നു. അവിടെ വെച്ചിരുന്ന ഭക്ഷണവും കഴിച്ച് ഒരു

കത്തും എഴുതിവെച്ച് കള്ളൻ പോകുന്നു. സീരിയൽ കാണുന്നവർ കണ്ണു തുടച്ച് എഴുന്നേൽക്കുന്നു. )

രമണി : (കരഞ്ഞു കൊണ്ട് ) കാവ്യേന ജീവ എന്തായാലും നാള കണ്ട് പിടിക്കും

സുശീല : എന്റെ അയ്യപ്പ സ്വാമീ......... കാവ്യക്ക് എന്തായാലും നാള ജീവേന കണ്ട്പിടിച്ച് കൊടുക്കണേ....... എന്താ ഇപ്പോ എന്റെ അയ്യപ്പ സ്വാമിക്ക് ഞാൻ പകരം തരാ.... (ആലോചിക്കുന്നു.) ആ..... ഒറ് ഡിസംബറിൽ ബന്നാൽ അപ്പോന്നെ മാല ഇടീച്ച് പതിനെട്ടാം പടി ചവ്ട്ടിച്ചോളാമേ........

രമണി : അല്ല സുശീലേ.... എൻക്കൊരു സംശയം? ഇത്തരം പ്രണയ കാര്യങ്ങളിൽ അയ്യപ്പ സ്വാമി ഇടപെട്വോ...... മൂപ്പര് നൈഷ്ഠിക ബ്ര്ഹ്മചാരിയല്ലേ...?

(പെട്ടെന്ന് സുശീല കട്ടയിൽ ഒരു കത്ത് കാണുന്നു. )

സുശീല : ദേ...... അതന്താ ഒരു കടലാസ് ?

രമണി : ഏ്...കടലാസോ...? ആരോ മനപ്പൂർവം കൊണ്ടച്ചാൺക്കെ ഇണ്ട് നോക്കട്ട് നോക്കട്ട്

( രണ്ടുപേരും ഒടുന്നു. രമണിക്ക് കത്ത് കിട്ടുന്നു .)

രമണി : കത്താണല്ലോ? ഓട്ത്തുപ്പാ പെണ്ണ്. ചക്കീ.... ചക്കിമോളേ....

കാണ്ന്നില്ലല്ലോ....

( ചക്കി കട്ടയിൽ വേദിയുടെ പിറകു വശത്തേക്ക് തിരിഞ്ഞിരിക്കുന്നു.രമണി കാണുന്നു.)

രമണി : ഓ... ഈട ഇണ്ടായിനാ.(അടുത്തേക്ക് പോകുന്നു. തലയ്ക്ക് കിഴക്ക് കൊടുക്കുന്നു.)

രമണി : ഉം. ഇതൊന്ന് ബായിച്ചേ......

കുട്ടി : (ദേഷ്യത്തോടെ ) ഓ.... ശല്യം. നല്ല രസം പിട്ച്ചിറ്റ് ബെര്ന്ന്ണ്ടായിനി.

(രമണി ദേഷ്യപ്പെടുന്നു. മകൾ കത്തു വായിക്കാൻ ശ്രമിക്കുന്നു. പക്ഷെ കഴിയുന്നില്ല.ഒടുവിൽ)–

മകൾ : അമ്മേ... ഈ 'ഗ' എയ്തീറ്റ് അയിന്റടീല് ഇങ്ങനെ കമ്പി വരച്ചിട്ടാല് അയിനെന്ത്യെ ബായിക്കല്.

രമണി : കമ്പിയോ.....?

സുശീല : രമണീ..... മോക്ക് വായിക്കാനറീലാല്ലെ..?

രമണി : അത് സുശീലെ, ഇതിപ്പോ വോയിസ് മെസ്സേജിന്റെ കാലംല്ലെ. എയ്തീറ്റേങ്കും ബായിച്ചിന്റേങ്കും കേട്ടാപ്പോരേ....

(മകളെ നോക്കിക്കൊണ്ട്) മെൻച്ചനെ നാണം കെട്ത്താൻ. കൊണ്ടാ ഇങ്ങോട്ട് (കത്തു പിടിച്ചു വാങ്ങിക്കുന്നു. )

രമണി : " ഗൃഹനാഥയും കുടുംബാംഗങ്ങളും

വായിച്ചറിയുവാൻ ദൈവം എഴുതുന്നത് ."

മൂന്നു പേരും ഒന്നിച്ച് : ദൈവോ....?

" നിങ്ങൾ മുടങ്ങാതെ സീരിയലുകൾ

നോക്കുന്നതും,മകൾ ഫുൾടൈം ചാറ്റ്

ചെയ്യുന്നതും ഞാനിവിടെ നിന്നും കാണുന്നുണ്ട്

എനിക്ക് നിങ്ങളെ വല്ലാതെ ഇഷ്ടപ്പെട്ടു.

(കത്ത് സുശീല പിടിച്ചു വാങ്ങുന്നു.)

സുശീല : ഒരു എപ്പിസോഡ് പോലും പാഴാക്കാതെ തുടർച്ചയായി ഇരുപത്തിയൊന്നു ദിവസം സീരിയലുകൾ കാണുകയാണെങ്കിൽ കൃത്യം ഏഴായിരത്തി അറന്നൂറ്റി എഴുപത്തൊന്നാമത്തെ ദിവസം ഞാൻ നിങ്ങൾക്ക് ഒരത്യുഗ്രൻ വരം നൽകുന്നതായിരിക്കും"

എല്ലാവരും : വരമോ......?

"എന്ന് സ്നേഹപൂർവം സ്വർഗത്തിൽ നിന്നും ദൈവം ഒപ്പ് "

(പെട്ടെന്ന് പിറകിൽ നിന്നും ശബ്ദം കേൾക്കുന്നു )

ശബ്ദം : ഗൗരീ..... എനക്ക് പൈക്കിന്ന്. തിന്നാനെന്തെങ്കിലും തന്നിറ്റേങ്ക് ഞാനിപ്പോ പോകും

(പ്രാക്ടീസ് മുടങ്ങുന്നു. )

ആയിഷ : (കോപത്തോടെ) ഛെ.... ഇതേട്ന്നിപ്പോ സ്ക്രിപ്റ്റിലില്ലാത്ത ഡയലോഗ് കേക്ക്ന്നേ....

(ശ്രീഹരി നടന്നു വരുന്നു )

ആൻസി : യോ...... ശ്രീഹരി നന്നായിറ്റി പോന്ന്ണ്ടായിനി അപ്പൾത്തേക്കോന്റൊരു പെരുബയറ്.

ശ്രീഹരി : ആൻസീ............. മിണ്ടാതിരിന്നോ... ബയറ് പൈച്ചാല് എനക്ക് എന്നത്തന്നെ പിടിക്കീലാ....

ഗൗരി : ശ്രീഹരി ഒരര മണിക്കൂർ കൂടി സയിക്കെടാ ചെക്കാ.... ചെല്പ്പോ മീറ്റിംഗിനാരെങ്കിലും ബന്നാലോ?



ആൻസി : കേരളോത്സവത്തിന് എന്തായാലും സമ്മാനം കിട്ടീലാന്നൊറപ്പില്ലെ ഈ നാടകം പട്ടിണി കെടന്ന് കളിക്ക്ന്നേനക്കാളും നല്ലത്....

ആയിഷ : ആൻസി പറഞ്ഞത് ശെരിയെന്നെ ഗൗരി നിനക്ക് വല്ല സ്ത്രീ പീഡനമോ, പട്ടണിയോ വിഷയമാക്കി നാടകം എഴ്തിക്കൂടെ..?

ആൻസി : പട്ടിണിയാകുമ്പോ നമക്ക് ശ്രീഹരിയെ നായകനാക്കാം അതവൻ നന്നായി ചെയ്തോളും.

ശ്രീഹരി : (ദേഷ്യത്തൊടെ ആൻസിയുടെ അരികിലേക്ക് പോയിക്കൊണ്ട് ) ആൻസീ..................

(ആൻസി ഓടുന്നു.ശ്രീഹരി ശാന്തനാകുന്നു.)

ഗൗരി : സ്ത്രീകൾക്കെതിരായ കടന്നാക്രമണങ്ങളും വിഷപ്പെല്ലാം വിഷയങ്ങളാണ്. എന്നാൽ അവയിലേക്കെല്ലാം നീളുന്ന മൂലകാരണങ്ങളെയാണ് നാം ലക്ഷ്യം വെക്കുന്നത്.

നാടകത്തിലൂടെ നാം നേടുന്നത് ഒരു സാംസ്കാരിക വിപ്ലവമാണ്.ഈ നാടിനെ ചുട്ടു ചാമ്പലാക്കാൻ പോകുന്ന ഒരു തീപ്പൊരി നാട്ടിൽ മറഞ്ഞു കിടക്കുന്നുണ്ട്.അന്ധമായ ആത്മീയതയുടെ തീപ്പൊരി. ഒരറ്റത്തുനിന്നും അത് കത്തിത്തുടങ്ങുമ്പോൾ തീയെ പേടിച്ച് നിശബ്ദനാകുന്നതും ഒരു പക്ഷം ചേരലാണ്. തെറ്റിന്റെ പക്ഷം

ചേരൽ,മർദ്ദകന്റെ പക്ഷം ചേരൽ.

(എല്ലാവരും ചേർന്ന് പേടിയോടെ) –

എല്ലാവരും : നീ നമ്മളെംകൂടി കൊലക്ക് കൊടുക്ക്വോണേ.......

(പെട്ടെന്ന് ആയിഷ കരയുന്നു. മറ്റുള്ളർ ഞെട്ടുന്നു.)

എല്ലാവരും : എന്തേ... ആയിഷാ.... ആയിഷാ.....?

ആയിഷ : നിക്കാഹിന്റന്ന് രാത്രിയാണ് ഓറെ ചങ്ങായി വിളിച്ച് പറഞ്ഞെ. കുവൈത്തില് ബിസ ശെരിയായിറ്റ്ണ്ടീന്ന്.നിക്കാഹ് കയിഞ്ഞ് അഞ്ചാറീസേ പുയ്യാപ്ല ഞമ്മളടുത്ത് ഇണ്ടായിറ്റ്. ഇപ്പ കൊല്ലം രണ്ട് കയിഞ്ഞ് എന്റെ പുയ്യാപ്ല ബെരാൻ പോവ്വാ.... ന്റെ ബദരീങ്ങളെ ആയിഷാന്റെ മയ്യത്തായിരിക്ക്വോപ്പാ ഓറ് കാണാണ്ടി ബെരല്.

ആൻസി : എന്റെ വാപ്പച്ചി പണ്ടേ പറഞ്ഞിന് ആ ഗൗരീരെ ഒക്ക കൂടണ്ടാ.. കൂടണ്ടാന്ന്.... വാപ്പച്ചി പറഞ്ഞത് കേട്ടാ മതിയായിരുന്നു.

ശ്രീഹരി : അതെങ്ങനെ, അയിന് ഓളെ നാക്കിന് ആൾക്കാറെ മയക്ക്ന്ന നീളല്ലേ....... (കൈയിലെ ബാൻഡേജ് ഉയർത്തി കാണിച്ച് ) ഒരു പുസ്തക ചർച്ച നടത്ത്യേന് കിട്ടിയതിന്റെ വേദന ഇട്ത്തോളം പോയിറ്റ.എന്നീ നാടകം കൂടി കളിച്ചാല്, എൻക്കാലോയിക്കാൻ കൂടി കയ്യപ്പാ....(കട്ടയിൽ ഇരിക്കുന്നു. )

ആയിഷ :(ബാൻഡേജുകൾ കാണിച്ച് ) 'മീശ' എന്നൊരു നോവല് ചർച്ച

ചെയ്തതിന് ഇതൊക്കെയാണ് സമ്മാനമെങ്കിൽ 'മഷി' എന്ന പേരിലൊരു നാടകം കളിച്ചാൽ?

ഗൗരി : ചങ്ങായിമാരേ... ഭരണഘടനയും പാഠപുസ്തകങ്ങളും പരസ്യമായി കത്തിക്കുന്ന ഈ കെട്ട നാട്ടിൽ നമ്മളല്ലാതെ മറ്റാരാണ് നമുക്ക് കാവൽ....

(ഈ സമയം പുറത്ത് മുദ്രാവാക്യം വിളി )

" തകർക്കും ഞങ്ങൾ

പൊളിക്കും ഞങ്ങൾ

അടിച്ച് പൊളിച്ച് തകർക്കും ഞങ്ങൾ"

(എല്ലാവരും കട്ടയിൽ കയറി വേദിയുടെ സൈഡിലേക്ക് നോക്കുന്നു. )

ആയിഷ : അത് ഏത് പാർട്ടീരെ ജാഥയാണ്?

ആൻസി : അത് പാർട്ടീരെ ജാഥ ഒന്നും അല്ല , അത് കൊറച്ച് ഭക്തന്മാരാണ്.

( മുദ്രാവാക്യം വിളി ഉയരുന്നു.)

"വേണ്ടാ വേണ്ടാ കളി വേണ്ടാ

ഞങ്ങളോട് കളിക്കണ്ടാ

ഞങ്ങളോട് കളിച്ചെന്നാൽ

തണ്ടെല്ലൂരി കൊട്ടയിലാക്കി

അറബിക്കടലിൽ എറിയും ഞങ്ങൾ"

(മുദ്രാവാക്യം വിളി അകലുമ്പോൾ വേദിയിലുള്ളവർ കോപം കൊണ്ട് വിറയ്ക്കുന്നു)

ആയിഷ : സാമൂഹ്യ ജീവിതത്തെ തടയാത്ത ഒരു കോടതി വിധിയെ മുൻ നിർത്തി ഒരു മാസം ഈ നാടിനെ ചോരക്കളമാക്കാൻ നിങ്ങൾക്ക് മടിയില്ലെങ്കിൽ....

ശ്രീഹരി : അതിന്റെ പേരിൽ സംഘടനയുണ്ടാക്കി ഹർത്താൽ നടത്താൻ നാണമില്ലെങ്കിൽ......

ഗൗരി : നാടകത്തിൽ പെൺകുട്ടി ബാങ്ക് വിളിച്ചതിന് 'കിത്താബി'ന്റെ വഴിമുടക്കിയവർ വിലസുമ്പോൾ.....

ആൻസി : ഞങ്ങൾ പറയുന്നു. ഗൗരിയുടെ നാടകം ഞങ്ങൾ കളിക്കുക തന്നെ ചെയ്യും.

( നാലുപേരും ഷാൾ അരയിൽ കെട്ടുന്നു. പിന്നണിയിൽ ചെമ്മീനിലെ 'കടലിനക്കരെ ' എന്ന പാട്ടു വരുന്നു. ഇവർ അതിനൊത്ത് താളം ചവിട്ടുന്നു. )

ശ്രീഹരി : ഓ....ഓ...ഓ....(കട്ടയിൽ ഇരുന്ന് ) നമ്മടെ നാട് ഇത്ര പുരോഗമിച്ചിട്ടും നമ്മളീ പഴയ ചെമ്മീനിലെ വയലാറിന്റെ പാട്ടെന്നെ പാടിക്കൊണ്ട് നിക്ക്ന്നത് ഒരു വിരോധാഭാസല്ലേ...ന്നൊരു സംശയം.

ഗൗരി : അതന്നെ. നമ്മ ലുങ്കിഡാൻസും ബ്രാണ്ടിക്കുപ്പീം പാടണം ,എങ്കിലെ ആൾക്കാറെ എടേല് നമ്മക്കൊരു ബെല ഇണ്ടാവൂ

ആയിഷ :അപ്പൾക്ക് ഈ പാട്ടെല്ലം ഒരു മാസം കയ്യുമ്പൾക്ക് നാട്ടാര് മറക്ക്ന്ന് ന്ന്

ആൻസി : ഒ.എൻ. വിയുടെയും വയലാറിന്റെയും വരികൾ ഇന്നും ഈ അന്തരീക്ഷത്തിൽ അലയടിക്കാൻ കാരണം അക്കാലഘട്ടത്തിലെ തൂലികകൾ പടവാളായതു കൊണ്ടാണ്.

ശ്രീഹരി : കഥാകാരൻ മറഞ്ഞു പോയിട്ടും ഖസാക്കിലെ ഇതിഹാസങ്ങൾ ഇന്നും ജീവിക്കുന്നു.

ഗൗരി : അച്ഛനും ബാപ്പയും, പാട്ടബാക്കിയും ഇന്നലകളുടെ നവോത്ഥാന സമരങ്ങളുടെ അടയാളമായി ഇന്നും ഈ മണ്ണിൽ മായാതെ നിൽക്കുന്നു.

ആയിഷ :ഇങ്ങനെ അനേകം കലാസാഹിത്യ സൃഷ്ടികൾ പിറന്ന വീണ ഈ നാട്ടിൽ വർഗീയതയേയും കലാപങ്ങളേയും വരും തലമുറയും പിടിച്ചു കെട്ടുക തന്നെ ചെയ്യും.



( പിറകിൽ നിന്നും പാട്ട് വരുന്നു. വേദിയിലുള്ളവർ അതിനൊത്ത് നൃത്തം ചെയ്യുന്നു.)

"തീപ്പൊരി വീണത് തീയായാൽ

തീയിൽ കുരുത്തവർ വാടില്ല

തീക്കലേറ്റൊന്ന് പൊള്ളിയാലും

വാടിക്കരിയാത്ത പൂക്കളുണ്ട്

ഈ മണ്ണു കീറി നാട്ടു മുടിക്കാൻ

മന്ത്രം മെനയുന്ന അധികാരമേ...

നാളെയീ മണ്ണിൽ ഉദിച്ച പൊങ്ങും

വായന മാറോട്ട ചേർക്കുന്നവർ

വായന മാറോട്ട ചേർക്കുന്നവർ

തീപ്പൊരി വീണത് തീയായാൽ

തീയിൽ കുരുത്തവർ വാടില്ല

തീക്കലേറ്റൊന്ന് പൊള്ളിയാലും

വാടിക്കരിയാത്ത പൂക്കളുണ്ട്"

( പാട്ട കഴിയുമ്പോഴേക്കും നാലുപേരും നാലു കട്ടകളിൽ സങ്കടത്തോടെ

ഇരിക്കുന്നു. കരയുന്നു. പിന്നണിയിൽ സങ്കടകരമായ മ്യൂസിക്ക് )

ആയിഷ : എല്ലാരും (വിങ്ങുന്നു) എല്ലാരും നമ്മളെയാണ് കുറ്റം പറയുന്നത്.

ആൻസി : (കരഞ്ഞുകൊണ്ട് ) നമ്മളാ നാടകം കളിച്ചോണ്ടാന്ന്

നാവില്ലാക്കുന്നില് മാറാരോഗം വന്നത് ന്നാ മാധ്യമങ്ങളും പറയുന്നത്.

ശ്രീഹരി : നാട്ടുകാരും വീട്ടുകാരും ഒറ്റപ്പെട്ത്താണ്. ഇനി വീട്ടില്

കേറണ്ടാന്നാ അച്ഛൻ പറഞ്ഞെ...



ഗൗരി : (അൽപ്പം ദേഷ്യത്തോടെ) നമ്മളെന്ത് തെറ്റ് ചെയ്തുന്നാ... ഒരു നാടകത്തിനു മുന്നിൽ പിടിച്ചു നിൽക്കാൻ പറ്റാത്ത ദൈവത്തിലാണോ,അതോ സർവ്വ ശക്തനായ ദൈവത്തിലാണോ നിങ്ങൾക്ക് വിശ്വാസം.

ആയിഷ : ഒരു നാടകം കളിച്ചാൽ നാട്ടിൽ മാറാരോഗമുണ്ടാകുമോ..?

ആൻസി : ഒരു നോവലെഴുതിയാൽ പ്രളയമുണ്ടാകുമോ....?

ശ്രീഹരി : ഒരു കോടതി വിധി കണ്ട് ദൈവം  ഇറങ്ങിയോടുമോ.....?

ഗൗരി : അപ്പോൾ ആർക്കാണ് ശക്തി? ദൈവത്തിനോ, അതോ കോടതിക്കോ..?

(ഈ സമയം പിറകിൽ നിന്നും അനൗൺസ്മെന്റ് )

“ പ്രിയമുള്ള നാവില്ലാക്കുന്ന് നിവാസികളെ, നാവില്ലാക്കുന്ന് ഗ്രാമം മാറാരോഗം കൊണ്ട് വീർപ്പു മുട്ടുകയാണ്.ആബാലവൃദ്ധം ജനങ്ങൾ നാവിന് പുണ്ണു പിടിച്ച് നീറുകയാണ്. രോഗികൾക്കായി നാവില്ലാക്കുന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്നു. നാവിനു പുണ്ണു പിടിക്കാത്ത മുഴുവനാളുകളും പ്രതിരോധ മരുന്ന് കഴിക്കണമെന്ന് സർക്കാർ ജാഗ്രതാ നിർദ്ദേശം നൽകുന്നു. )

( അനൗണ്ടസ്മെന്റ് കേൾക്കുമ്പോൾ നാലുപേരും നിരാശരായി ഇരിക്കുന്നു. ദ്യഗൗരി മാത്രം തലയുയർത്തിപ്പിടിച്ചിരിക്കുന്നു.)

ഗൗരി : തളർന്നു പോയവരുടേതല്ല,പൊരുതി നേടിയ ഒരു ജനതയുടെ പിൻമുറക്കാരാണ് നമ്മൾ

(പിന്നണിയിൽ ഒരു പാട്ട് )

“ഓം ക്രീം ക്രൂം ക്രാം ക്രാം

ജയ ഓം ക്രീം ക്രൂം ക്രാം ക്രാം

ഓം ക്രീം ക്രൂം ക്രാം

ഓം ക്രീം ക്രൂം ക്രാം

ഓം ക്രീം ക്രൂം ക്രാം ക്രാം

ജയ ഓം ക്രീം ക്രൂം ക്രാം ക്രാം

(പാട്ടിനോടൊപ്പം ദിവ്യനും ശിഷ്യരും കടന്നു വരുന്നു. )

ദിവ്യൻ : ഓം ക്രീം ക്രൂം ക്രാം നാം മനസിലാക്കുന്നു .

ശിഷ്യൻ 1 : എന്താണു ദിവ്യൻ അങ്ങ് മനസിലാക്കുന്നത്?

ദിവ്യൻ : ഇത്ര ദിവസമായിട്ടും നാവിൽ പുണ്ണു പിടിക്കാത്ത നാലു പേരുണ്ടിവിടെ

ശിഷ്യൻ 2 : (ഗൗരിയെയും മറ്റുള്ളവരെയും നോക്കിക്കൊണ്ട് ) ഓ... ശെരിയാണ് ദിവ്യൻ ആ നാലുപേർ ഈ നാലുപേരാണ്

ദിവ്യൻ : ഇവർക്ക് പുണ്ണല്ല, പ്രായശ്ചിത്തം ചെയിതില്ലെങ്കിൽ അതി മാരകമായ അർബുദം പിടിപെടും

(ഗൗരിയും മറ്റുള്ളവരും ഒന്നും മനസിലാവാതെ നിൽക്കുന്നു.)

ശിഷ്യൻ 1 : ഇതാ ഈ വായനശാലയാണ് ഇവറ്റകളുടെ നാടകക്കളരി

ശിഷ്യൻ 2 : ഈ വായന ശാലയാണ് ഈ നാടിന്റെ ദുരന്തത്തിന് കാരണം.

ദിവ്യൻ :ഇത് ചാത്തന്റെ വാസസ്ഥലമാണ്,ഹ...ഹ...ഹ....ഹ ഇത് തീ വെച്ച് കത്തിക്കണം ഹ...ഹ..ഹ..ഹ..

ഗൗരി : (ദേഷ്യത്തോടെ) ആർക്കാടാ കത്തിക്കേണ്ടത്,വാടാ കത്തിക്കാൻ

( ദിവ്യൻ പേടിച്ച് നിൽക്കുന്നു. ഒപ്പം ശിഷ്യന്മാരും )

ശ്രീഹരി :അത്രക്ക് ചങ്കുറപ്പുള്ളവനുണ്ടെങ്കിൽ വാടാ കത്തിക്കാൻ

ശിഷ്യൻ 1 : ഹ്ഉം. ഞങ്ങള മൂന്നാള മാത്രം കണ്ട് വീമ്പിളക്കണ്ട....ഈ നാട്ടു

മുഴുവനിപ്പോൾ ഞങ്ങളുടെ കൂടെയാ...

ശിഷ്യൻ 2 : കത്തിച്ചു പിടിച്ച ചൂട്ടുകളും പന്തങ്ങളുമായവർ വരുന്നുണ്ട്.ഈ

ഷെഡിനോടൊപ്പം നിങ്ങളെയും കത്തിക്കാൻ.

ദിവ്യൻ : ഞങ്ങളെന്തു പറഞ്ഞാലും അവരിപ്പോ ചെയ്യും.

ആയിഷ : ഗൗരി വാ നമുക്ക് രക്ഷപ്പെടാം

ഗൗരി : ഇല്ല,അവർ വരട്ടെ,കാണിച്ചു കൊടുക്കാം നമുക്ക്

ആൻസി : മണ്ടത്തരം പറയല്ലേ ഗൗരി,വാ ഇപ്പോൾ നമുക്ക് പോകാം

കൂടുതൽ കരുത്തോടെ വരാം നമുക്ക്

( അവർ ഓടി രക്ഷപ്പെടുന്നു.)

ദിവ്യൻ : ഓം ക്രീം ക്രൂം ക്രാം, ഈ ഷെഡു നിൽക്കുന്ന സ്ഥാനത്ത്

പണ്ടൊരു ക്ഷേത്രമായിരുന്നു. നാവില്ലാക്കുന്നിലമ്മയുടെ ക്ഷേത്രം

ശിഷ്യൻ 1 : വായില്ലാക്കുന്നിലപ്പൻന്ന് കേട്ടിന്, ഇതെന്താ

നാവില്ലാക്കുന്നിലമ്മ....?

ശിഷ്യൻ 2 : അപ്പോ നാവില്ലാക്കുന്നിലമ്മയുടെ കോപമാണ് ഇക്കണ്ട

അനർത്ഥങ്ങൾക്കൊക്കെ കാരണം

ദിവ്യൻ : നാവില്ലാക്കുന്നിലമ്മ,നാവിലാത്ത നിറമാറുകാട്ടി

അർദ്ധനഗ്നയായി നിൽക്കുന്ന ദേവി.... ആ ദേവിയുടെ മുന്നിൽ പോകാൻ

സ്ത്രീകളും......

ശിഷ്യന്മാർ : സ്ത്രീകളും...

ദിവ്യൻ : അർദ്ധാനഗ്നരാകണം

ശിഷ്യൻ 2 : അപ്പോളിവിടെ ക്ഷേത്രം വന്നാൽ

സ്ത്രീകൾ......ഹ..ഹ..ഹ..ഹ..

ദിവ്യൻ : നാലാളുകൾ നാലു കൊല്ലം തലകുത്തി മറിഞ്ഞിട്ടും ഒരു വായന ശാല നിർമിക്കാൻ കഴിയാത്ത നാവില്ലാത്തവരുടെ നാട്ടിൽ നാലു ദിവസം കൊണ്ട് നൂറു കണക്കിനാളുകളുടെ പിന്തുണയോടെ ഒരത്യുഗ്രൻ ക്ഷേത്രം

ഓം ക്രീം ക്രൂം ക്രാം,

ശിഷ്യൻ 1 :വാ നാട്ടുകാരെത്തുമ്പോഴേക്കും നമുക്കീ ഷെഡിനു തീ വെക്കാം

ശിഷ്യൻ 2 : അതെ ദേവീ കോപത്താൽ താനെ കത്തിയടങ്ങിയതാണെന്ന് അവർ പറഞ്ഞു പരത്തിക്കോളും.

( ദിവ്യൻ ചൂട്ടുമായി വായനശാലയുടെ നേരെ നീങ്ങുന്നു. അകത്ത് നിന്നും ഒരു നിലവിളി )

: അയ്യോ..... എന്നെ കൊല്ലല്ലേ....... ഞാൻ പോയ്ക്കോളാമേ........

ശിഷ്യന്മാർ : അയ്യോ..... ദിവ്യൻ

ദിവ്യൻ : ആരാണ്,ആരാണ് അകത്തു നിന്നും നിലവിളിക്കുന്നത് ഒരു

സ്ത്രീയുടെ ശബ്ദമാണല്ലോ...

("വൈഷ്ണവ ജനതോ..." എന്ന പാട്ടിന്റെ അകമ്പടിയോടെ ഒരു സ്ത്രീ പുറത്തേക്ക് വരുന്നു.)

ശിഷ്യൻ 1 :നീയേതാ പെണ്ണേ, എന്തിനാ ഈ ഷെഡിനകത്തൊളിച്ചിരുന്നേ....

സ്ത്രീ : ഒളിച്ചിരുന്നതല്ല,ഞാൻ പിറന്നു വീണത് പുസ്തകങ്ങളിലാണ്. താമസവും പുസ്തകങ്ങളിലാണ്

എല്ലാവരും ഒരുമിച്ച് : പുസ്തകങ്ങൾക്കിടയിൽ താമസമോ.... നീയാരാടീ.. സരസ്വതി ദേവിയോ..?

സ്ത്രീ : ചിലരെന്നെ അങ്ങനെയും വിളിക്കും നിങ്ങൾക്ക് എന്തുവേണമെങ്കിലും വിളിക്കാം...

ദിവ്യൻ : വെറുതെ വേഷം കെട്ടിവന്ന് നാട്ടുകാരെ പറ്റിക്കണ്ട, ദേവിയാണെങ്കിൽ അമ്പലത്തിൽ പോടി....

ശിഷ്യൻ 1 :ദേവിയാണെങ്കിൽ നീയെന്താ ഒരു സാധാരണ സ്ത്രീയുടെ വേഷത്തിൽ എ..എ..

സ്ത്രീ : ദേവിയാണെന്ന് ഞാൻ പറഞ്ഞോ? എന്റെ നിലനിൽപ്പിനായാണ് ഞാനിപ്പോൾ പുറത്തു വന്നത്. എനിക്കാടയാഭരണങ്ങളും കിരീടവും നൽകി വർണ്ണനകൾ കൊണ്ട്

മൂടിയാൽ ഞാൻ നിങ്ങൾക്കൊപ്പം നിൽക്കുന്ന സ്വാർത്ഥയായിരിക്കുമെന്ന് നിങ്ങൾ കരുതുന്നു. ഈ ലോകത്തെ മാറ്റി മറിക്കാനുള്ള എന്റെ ശക്തിയെ നിസാരവത്കരിച്ച് നിങ്ങളെന്നെ ആണും പെണ്ണുമായി വേർതിരിച്ചു. എന്നെ തേടിയെത്തുന്നവർക്ക് നിബന്ധനകളും വെച്ചു.

ദിവ്യൻ : ഇവൾ ദൈവമല്ല, പിശാചാണ് ഇവൾക്ക് തീ കൊളുത്ത്

സ്ത്രീ : നിൽക്കവിടെ, നിങ്ങളാണ് കത്താൻ പോകുന്നത്.കൂടുതലാളുകളെ സംഘടിപ്പിച്ച് കൂടുതൽ കരുത്തോടെ ഈ വായനശാല പടുത്തുയർത്താൻ ശ്രമിച്ചവർ വരികയാണ്. എണ്ണത്തിൽ കുറവാണെങ്കിലും നിങ്ങളവരെ ഭയക്കും, കാരണം അറിവാണവരുടെ ആയുധം.




ശിഷ്യൻ 1 : ഹും, അവർ വരട്ടെ, ഒരു കലാപത്തിനായി ഞങ്ങളും

കാത്തിരിക്കുകയാണ്....

(പുറത്ത്  ആക്രോശങ്ങൾ )

സ്ത്രീ : മണ്ടന്മാരാണ് നിങ്ങൾ, നവോത്ഥാന നായകർ ഉഴുതുമറിച്ചിട്ട ഈ മണ്ണിൽ കലാപങ്ങളുടെ വിത്തുകൾ മുളപ്പിക്കാൻ നിങ്ങൾക്കാവില്ല.....നിങ്ങൾക്കാവില്ല.....

(പറഞ്ഞുകൊണ്ട് വായനശാലയുടെ പിറകിലേക്ക് നീങ്ങുന്നു.പിറകിൽ നിന്നും കവിത )–

"തകരണം തകർക്കണം

മർദ്ദകന്റെ കോട്ടകൾ

ഉയരണം ഉയർത്തണം

മർദ്ദിതന്റെ കോട്ടകൾ "

(മൂന്നു പേരും പേടിച്ചരണ്ട് നിൽക്കുന്നു.)

ശിഷ്യൻ 1 : അയ്യോ... ദിവ്യൻ, അവർ വരുന്നുണ്ട്.

ശിഷ്യൻ 2 : അയ്യോ നെഞ്ചുവിരിച്ചുള്ള ആ വരവു കണ്ടോ, അവരുടെ കൈയിലെങ്ങാനും പെട്ടാൽ അവർ നമ്മളെ ഇടിച്ചു നിരപ്പാക്കും.

ദിവ്യൻ : (മറുഭാഗത്തേക്ക് നോക്കുന്നു.) നമ്മുടെ പിറകെ ശിഷ്യൻ വന്നുകൊണ്ടിരുന്ന നമ്മുടെ ആളുകളെവിടെ ?

ശിഷ്യൻ 1 :അവർ വഴിയിലെങ്ങാനും വിശ്രമിക്കുകയാവും.

ശിഷ്യൻ 2 : അവരെ കാത്തിരുന്നിട്ട് കാര്യമില്ല ദിവ്യൻ നമ്മുടെ ജീവൻ നമുക്ക് രക്ഷിക്കാം.... ഒടിക്കോ......

(അവർ ഒടുന്നു. ആദ്യരംഗത്തിലെ നാല്ല പേർ കൈയ്യിൽ നവോത്ഥാന നായകരുടെ ഫോട്ടോ പതിച്ച പ്ലക്കാർഡുകളുമായി കടന്നു വരുന്നു. പിന്നണിയിൽ കവിത )-

" ഇരുളിലുണ്ട് കത്തികൾ

ചുമരിലുണ്ട് കാതുകൾ

കരുതിവേണം നമ്മളിന്ന്

മുന്നിലേക്കു പോകുവാൻ

എത്രയെത്ര മാനുഷർ

എത്രയെത്ര നായകർ

എത്രയെത്ര ചിന്തകർ

പടുത്തുയർത്ത്യ നാടിത്

അക്ഷരങ്ങളഗ്നിയായി

നന്മയെല്ലെഴുതിയോർ

ജാതിമത ചിന്തകൾ തൻ

വേരറുത്തു മാറ്റിയോർ

ജാതിമത ചിന്തകൾ തൻ

വേരറുത്തു മാറ്റിയോർ "

ഗൗരി : കാവലിരിക്കാം നമുക്ക്, എഴുത്തിന്റെയും വായനയുടെം ചിന്തയുടെയും ഇടങ്ങൾ കഴുകന്മാർ കൊത്തിപ്പറിക്കാതിരിക്കാൻ കാവലിരിക്കാം നമുക്ക്

ശ്രീഹരി : വാക്ഭടാനന്ദൻ, നാരായണ ഗുരു .

ആയിഷ : പൊയ്കയിൽ യോഹാനൻ, ചട്ടമ്പി സ്വാമികൾ.

ആദിത്യൻ : സഹോദരൻ അയ്യപ്പൻ, വി. ടി. ഭട്ടതിരിപ്പാട്.

ആൻസി : വൈകുണ്ഠ സ്വാമികൾ , വക്കം മൗലവി.

ഗൗരി : അയ്യങ്കാളി, ബ്രഹ്മാനന്ദ ശിവയോഗി.

ആയിഷ : നവോത്ഥാന നായകരുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് നമുക്ക് പടനയിക്കാം

ഗൗരി : കെട്ട കാലത്തെ അനീതികൾക്കും നെറികേടുകൾക്കുമെതിരെ എഴുത്തും വായനയും ഒരു പ്രതിഷേധമാണ്,ഒരു പ്രതിരോധമാണ്.

എല്ലാവരും ചേർന്ന് : കെട്ട കാലത്തെ അനീതികൾക്കും നെറികേടുകൾക്കുമെതിരെ എഴുത്തും വായനയും ഒരു പ്രതിഷേധമാണ്,ഒരു പ്രതിരോധമാണ്.



(പിന്നണിയിൽ നിന്നും പാട്ട്)

“വായനകൊണ്ട് തളിർക്കാം നമ്മൾ

എഴുതിക്കൊണ്ട് നിവരാം.....

ചുവന്നു തുടുത്ത  നാടിൻ മാറിൽ

പൂക്കാലങ്ങൾ തീർക്കാം

ചിന്ത കൊണ്ട് നയിക്കാം നമ്മൾ

നന്മ കണ്ട് പഠിക്കാം

ചുവന്നു തുടുത്ത  നാടിൻ മാറിൽ

പൂക്കാലങ്ങൾ തീർക്കാം

ചുവന്ന പൂക്കാലങ്ങൾ തീർക്കാം"

(പിന്നണിയിൽ നിന്നും അനൗൺസ്മെന്റ്)

" പറയാൻ മടിപിടിച്ച് പൂണ്ണു പിടിച്ച നാവുകൾ ഒരലങ്കാരമായി കൊണ്ട് നടക്കാൻ ഞങ്ങളില്ല.എഴുത്തുകാരെ ഉന്മൂലനം ചെയ്ത്, വരും തലമുറയെ എഴുത്തിൽ നിന്നും മാറ്റി നിർത്താനുള്ള അധികാര വർഗത്തിന്റെ ധിക്കാരത്തെ പ്രതിരോധിക്കാൻ നമ്മൾ ശബ്ദമുയർത്തിക്കൊണ്ടേയിരിക്കണം. നാടകം മഷി ഇവിടെ പൂർണമാകുന്നു.)




**..........................കർട്ടൻ പതുക്കെ താഴുന്നു................................**

## 2 കവിതകൾ

സീന തച്ചങ്ങാട്, പൂർവ്വ വിദ്യാർത്ഥി

## അതിജീവനം

ഞാനെന്നു സങ്കൽപ്പിച്ച്
ആകാശത്തെ പ്രണയിച്ച്
എത്ര വെയിലുകൾ, മഴകൾ
നീ
നിന്നിലേക്കെടുത്തു.
ഇനി മതി.
ഞാൻ,
നിനക്കുംഎനിക്കും നരകമായിത്തീരും മുൻപേ
ഭൂമിയിൽ
നിന്റെ നിഴൽ
അപ്രത്യക്ഷമാവുന്ന
ഏതെങ്കിലുമൊരു സന്ദർഭത്തിൽ
എന്നിൽ നിന്നും
രക്ഷപ്പെട്ടു പോവുക.
നിനക്കു തരാതെ മാറ്റി വെച്ച
മഴയുടെ കുളിരും
വെയിലിന്റെ ചൂടും.
ഒരു പിഴയുടെ
കെട്ടുകഥ മാത്രം.

## അന്തിമ വിധി

മണ്ണിനു മേലേക്കുയർന്ന്
തുണ്ടിയാടുന്ന
ചില്ലുകളാൽ
പടർന്നു പന്തലിച്ച
ഒരു പാഴ് ജന്മം
ഇതല്ലാതെ മറ്റെന്താണ്
നിനക്ക് ഞാൻ?
വേരിനെച്ചൊല്ലി വഴക്കിട്ട്
നീ വേദനിപ്പിച്ച
എന്റെ തൊലിക്കട്ടി ഒന്നിനും
കൊള്ളാതായിരിക്കുന്നു.
ഇനി
വെട്ടി മാറ്റും വരെ,
പിഴുതെടുക്കും വരെ.
ഇത്തിരി നേരം നിവർന്നു നിൽക്കണം.
നിനക്കുൾപ്പെടെ
തണൽ നൽകിക്കൊണ്ട്.

# നന്ദി.....

ഔപചാരികമായ ഒരടയാളമായിമാത്രം

ഈ വാക്കിനെ കാണുക..

സർഗ്ഗാത്മകമായി ചിന്തിക്കുകയും ഇടപെടുകയും ചെയ്യുന്ന ഒരു ജനത തന്നെയാണ് നാളത്തെ സമൂഹം കെട്ടിപ്പെടുക എന്ന ചരിത്ര സത്യത്തെ ഓർത്തുകൊണ്ടാണ് "പട്ടം പറത്തുന്നവർ" എന്ന ഈ ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിനായ് ഇറങ്ങിയത്.

"നിങ്ങൾ ചോദിക്കുന്നു,

എന്തുകൊണ്ടാണ് എന്റെ കവിത

ഇലകളെയും കിനാവുകളെയും

ജന്മനാട്ടിലെകൂറ്റൻഅഗ്നിപർവതങ്ങളേയുംക്കുറിച്ച സംസാരിക്കാത്തത്?

വരൂ, ഈ തെരുവുകളിലെ രക്തം കാണൂ,

വരൂ, കാണൂ

ഈ തെരുവുകളിലെ രക്തം.

വരൂ, രക്തം കാണൂ!

ഈ തെരുവുകളിലെ രക്തം."

എന്ന കവിതയിലൂടെ പാബ്ലോ നെരൂദ ചൂണ്ടിക്കാട്ടിയ

ചില ജീവിതവും ജീവിത പരിസരവും

ഈ ഡിജിറ്റൽ മാഗസിനിനിൽ ഉണ്ടെന്നു വിശ്വസിക്കുന്നു.

സ്നേഹത്തോടെ,

സഹകരിച്ച,

മാഗസിൻ വേണമെന്നു ആഗ്രഹിച്ച,

ശാഠ്യം പിടിച്ച,

സ്നേഹിച്ച,

എല്ലാവർക്കും നന്ദി...നന്ദി....

സ്റ്റാഫ് എഡിറ്റർ & സ്റ്റുഡന്റ് എഡിറ്റർ

(അഭിലാഷ് രാമൻ, ആദിത്യൻ.എ)